# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2024 ഓഗസ്റ്റ് 22 | ദീപം 57 | നാളം 24 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ബംഗ്ലാദേശിലെ രാഷ്ട്രീയമാറ്റം ഇന്ത്യയുടെ ഉറക്കംകെടുത്തുമോ?






അനിൽ ജെ. തയ്യിൽ


**അ**ശാന്തിയുടെ പെരുമഴക്കാലം വേരടർത്തിയ പടുമരം പോലെ ബംഗ്ലാദേശ് ജനാധിപത്യം നിലംപതിക്കവേ, രാഷ്ട്രപിതാവ് ബാംഗബന്ധു ഷേക്ക് മുജീബുർ റഹ്മാന്റെ പുത്രിയും ബംഗ്ലാദേശ്പ്രധാനമന്ത്രിയുമായ ഷെയ്ക്ക് ഹസീന സഹോദരി ഷെയ്ക്ക് രഹനയോടൊപ്പം അഭയം തേടി ഇന്ത്യയിലെത്തിയിരിക്കുന്നു. ഒളിഞ്ഞും തെളിഞ്ഞുമുള്ള വിവിധ കാരണങ്ങളാൽ ബംഗ്ലാതെരുവുകളിൽ കലാപം താണ്ഡവനൃത്തമാടുമ്പോൾ 560 ജീവനുകളാണു പൊലിഞ്ഞത്. ആയിരങ്ങളാണ് പരിക്കേറ്റു ചികിത്സയിലുള്ളത്. ജയിലുകളും റേഡിയോനിലയങ്ങളും ആക്രമണത്തിൽ തകർക്കപ്പെട്ടു. യൂണിവേഴ്സിറ്റികളും മറ്റു വിദ്യാഭ്യാസസ്ഥാപനങ്ങളും അനിശ്ചിതകാലത്തേക്ക് അടച്ചിട്ടിരിക്കുന്നു. ഇന്റർനെറ്റ് വിച്ഛേദിക്കപ്പെട്ടു. പലായനം ചെയ്ത പ്രധാനമന്ത്രിയുടെ വസതി അക്രമികൾ കയ്യേറുകയും കൊള്ളയടിക്കുകയും ഹീനമായ പ്രവൃത്തികൾ അരങ്ങേറുകയും ചെയ്യുന്നിടത്തോളമാണ് കലാപത്തിന്റെ വന്യത വെളിവാക്കപ്പെട്ടത്. പ്രക്ഷോഭകർ ആവശ്യപ്പെട്ടതുപോലെ നൊബേൽ സമ്മാനജേതാവ് മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിൽ ഇടക്കാല ഗവൺമെന്റ് രൂപീകരിക്കപ്പെട്ടു. ബംഗ്ലാദേശ് ചീഫ് ജസ്റ്റിസ് ഒബൈദുൾ ഹസ്സൻ, ബംഗ്ലാദേശ് ബാങ്ക് ഗവർണർ അബ്ദുർ റൗഫ് തലുക്ക്ദർ, രണ്ട് ഡെപ്യൂട്ടി ഗവർണർമാർ തുടങ്ങി നിർണായക സ്ഥാനങ്ങളിലിരുന്ന പല പ്രമുഖരും രാജി വച്ചുകഴിഞ്ഞു.

### കലാപകാരണങ്ങൾ

പ്രക്ഷോഭത്തിലേക്കു നയിക്കാനിടയായ കാരണങ്ങൾ പലതുണ്ടെങ്കിലും, പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത് സ്വാതന്ത്ര്യസമരസേനാനികൾക്കും അവരുടെ മൂന്നാം തലമുറവരെയുള്ളവർക്കും സർക്കാർ ജോലികളിൽ 30 ശതമാനം സംവരണം നിലനിൽക്കുന്നതാണ്. ഇതടക്കം ആകെ 56 ശതമാനമാണ് സംവരണം നടപ്പാക്കിയിരിക്കുന്നത്. ബാക്കി 44 ശതമാനമാണ് പൊതുവിഭാഗത്തിനു ലഭ്യമാവുന്നത്. എന്തുകൊണ്ടാണ് 1971 മുതൽ നിലനിന്നിരുന്ന സംവരണം ഇപ്പോൾ വലിയ പ്രക്ഷോഭത്തിലേക്കു നീങ്ങിയത്?

പാക്കിസ്ഥാനോടു പോരടിച്ച് 1971 ൽ ബംഗ്ലാദേശ് സ്വതന്ത്രമാവുകയും മുജീബുർ റഹ്മാൻ അവാമി ലീഗ് എന്ന രാഷ്ട്രീയ കക്ഷി രൂപീകരിച്ചു തിരഞ്ഞെടുപ്പുവിജയം നേടി ആദ്യ പ്രധാനമന്ത്രിയാവുകയുംചെയ്തു. സ്വാതന്ത്ര്യത്തിനായി പോരാടിയവർക്കുള്ള പരിഗണന എന്ന നിലയിലാണ് സർക്കാർജോലികളിൽ അവർക്ക് 30 ശതമാനം സംവരണം അനുവദിച്ചത്. 1975 ൽ പട്ടാളം അട്ടിമറി നടത്തുകയും ജർമനിയിലായിരുന്ന ഷെയ്ക്ക് ഹസീനയെയും സഹോദരി ഷെയ്ക്ക് രഹനെയെയും ഒഴികെ മുജീബുർ റഹ്മാനെയും മറ്റു കുടുംബാംഗങ്ങളെയും നിഷ്കരുണം കൊലചെയ്യുകയുമാണുണ്ടായത്. പട്ടാളഭരണം വന്നതോടെ സംവരണവും നിലച്ചു. തുടർന്ന് 1996 ൽ ഷെയ്ക്ക് ഹസീനയുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരമേറ്റ ഉടൻ സംവരണപദ്ധതി നടപ്പിൽ വരുത്തിയെങ്കിലും 2009 വരെ വിവിധ ഗവൺമെന്റുകൾ രാജ്യം ഭരിച്ചതിനാൽ സംവരണം വീണ്ടും ദുർബലമായി തുടർന്നു. 2009 മുതൽ ഷെയ്ക്ക് ഹസീന തുടർച്ചയായി വിജയം നേടി ഭരിച്ചുതുടങ്ങിയതോടെ സംവരണം കർശനമായി നടപ്പാക്കപ്പെട്ടു. എങ്കിലും 2018 മുതലാണ് എതിർപ്പുകൾ ആരംഭിച്ചത്.

### ശക്തമാകുന്ന സംവരണ പ്രക്ഷോഭം

ഭരണകക്ഷിയായ അവാമി ലീഗിന്റെ ആളുകൾക്കുമാത്രമാണ് സംവരണത്തിലൂടെ സർക്കാർജോലികൾ ലഭിക്കുന്നതെന്നായിരുന്നു പ്രക്ഷോഭകരുടെ പ്രധാന ആരോപണം. അവരാണു സ്വാതന്ത്ര്യസമരസേനാനികളെന്നിരിക്കേ അതു സത്യമാണുതാനും. അതേസമയം, ഓരോ വർഷവും 1.9 മില്യൻ ആളുകളാണ് ബംഗ്ലാദേശിൽ വിദ്യാഭ്യാസം കഴിഞ്ഞ് തൊഴിൽകമ്പോളത്തിലെത്തുന്നത്. 2019-2023 കാലഘട്ടത്തിൽ ലഭ്യമായ സർക്കാർ ജോലിയാവട്ടെ മൂന്നര ലക്ഷം മാത്രവും; അതിൽത്തന്നെ 56 ശതമാനം സംവരണവും. 170 മില്യൺ ജനസംഖ്യയുള്ള ബംഗ്ലാദേശിലെ 67 ശതമാനം പേരും തൊഴിലെടുക്കാൻ പ്രായത്തിലുള്ളവരാണ്. അതിൽത്തന്നെ 25 ശതമാനവും പതിനഞ്ചിനും ഇരുപത്തിയഞ്ചിനുമിടയിൽ പ്രായമുള്ളവർ. അങ്ങനെ, തൊഴിൽക്ഷാമത്തിന്റെ രൂക്ഷത സംവരണത്തിനെതിരായ ജനവികാരമായി അലയടിച്ചു.

### അടിതെറ്റിയ സാമ്പത്തിക മേഖല

പ്രശംസനീയമാംവിധം ഉയർന്ന സാമ്പത്തികവളർച്ചാനിരക്കു കാണിച്ചിരുന്ന രാജ്യം കൊവിഡ് പ്രഹരത്താൽ ആടിയുലഞ്ഞതോടെ ധാക്കാ മസ്‌ലിൻ അടക്കം പുകൾപെറ്റ, രാജ്യത്തിന്റെ സാമ്പത്തികനട്ടെല്ലായിരുന്ന ടെക്സ്റ്റൈൽമേഖല തകർന്നടിഞ്ഞു. 4.7 ബില്യൺ ഡോളർ 2023 ൽ ലോകബാങ്കിൽനിന്നു വായ്പയെടുത്ത ബംഗ്ലാദേശിന്റെ വിദേശകടം 100 ബില്യൺ ഡോളർ കവിഞ്ഞു. ഡോളറിനെതിരേ ബംഗ്ലാദേശ് കറൻസിയായ ടാക്ക 40 ശതമാനം ഇടിവു രേഖപ്പെടുത്തുകയും രാജ്യത്തെ പണപ്പെരുപ്പം 10 ശതമാനത്തിനടുത്താവുകയും ചെയ്തു. രാജ്യമാവട്ടെ, ദാരിദ്ര്യത്തിലേക്കു കൂപ്പുകുത്താനും തുടങ്ങി.

### ഏകാധിപത്യമെന്ന് ആരോപണം

എതിർക്കുന്നവരെ തുറുങ്കിലടച്ച് ഷെയ്ക്ക് ഹസീന രാജ്യത്തെ ഏകാധിപത്യത്തിലേക്കു നയിക്കുന്നുവെന്നതാണ് മറ്റൊരു ആരോപണം. മുൻ പ്രധാനമന്ത്രി ബീഗം ഖാലിദ് സിയ അടക്കമുള്ള പല പ്രതിപക്ഷനേതാക്കളും നൊബേൽ സമ്മാനജേതാവ് മുഹമ്മദ് യൂനുസ് അടക്കം പല പ്രമുഖരും തടവറയിലായിരുന്നു. ഹസീന രാജ്യം വിട്ടതോടെയാണ് ഇവർ മോചിതരായത്. സർക്കാരിനെതിരേ വിധി പറഞ്ഞ പല ന്യായാധിപന്മാരും വിവിധ പ്രതികാരനടപടികൾ നേരിടുന്നുവെന്നും ആരോപണമുണ്ട്.

▶ 8

# ചിതലരിക്കാത്ത ചിലതുകൾക്കുവേണ്ടി



പ്രഫ. സിജു ജോസഫ്

**“മ**ലയാളത്തിൽ പനിവന്നാൽ എന്തിനാണ് ഇംഗ്ലീഷ് മരുന്ന്?”

ആടലോടകവും തഴുതാമയും കൽക്കണ്ടവും ഇരട്ടിമധുരവും നാല്പാമരവുമൊക്കെ മറന്നുതുടങ്ങിയ മലയാളികളോട് ബിജോയ് ചന്ദ്രൻ എന്ന കവിയാണു ചോദ്യമുന്നയിക്കുന്നത്. പനിത്തളർച്ചയിലാണ്ടുപോയ പകലിന്റെ കയ്പ് ചവച്ചിറക്കി ഉപ്പുതരിയലിഞ്ഞുചേർന്ന ചൂടുകഞ്ഞി കുടിച്ചുവിയർത്ത് ശരീരത്തെ ജ്വരമുക്തമാക്കിയ കാലമല്ല ഇത്. എച്ച്വൺ എൻ വൺ, ഡെങ്കി തുടങ്ങിയ പേരുകളിൽ ലോകം ഇംഗ്ലീഷിൽ പനിച്ചുവിറയ്ക്കുന്ന കാലമാണിത് എന്ന ഉത്തരത്തോടെയാണ് ‘മലയാളത്തിന്റെ മരുന്നുകട’ എന്ന കവിത അദ്ദേഹം അവസാനിപ്പിക്കുന്നത്.

ജീവിതസൗകര്യങ്ങളുടെയും ആഗ്രഹങ്ങളുടെയും വാമനത്വത്തിൽനിന്ന് കണ്ണടച്ചുതുറക്കുന്ന വേഗത്തിൽ മലയാളി വളർന്നിരിക്കുന്നു. പുതുലോകസാധ്യതകളുടെ ഭൂപടങ്ങളത്രയും നിമിഷനേരംകൊണ്ടളന്നു കീഴടക്കുന്ന വിശ്വജേതാക്കളായിത്തന്നെയാണ് നമ്മുടെ പുതിയ തലമുറ വളരുന്നത്; സംശയമില്ല. അതുകൊണ്ടുതന്നെ, മഹാമാരികൾ വിതയ്ക്കുന്ന ഭയാശങ്കകൾക്കൊപ്പംമാത്രമല്ല, ആത്മീയതയുടെയും ഉപഭോഗപരതയുടെയും പരിസ്ഥിതിയുടെയും മേഖലകളിൽ സംഭവിച്ച വിനാശകരമായ ജ്വരബാധകൾക്കൊപ്പംകൂടിയാണ് കേരളം ഇപ്പോൾ വിറച്ചുതളരുന്നത്. എന്നോ മറന്നുപോയ കഷായക്കൂട്ടിന്റെ കയ്പുപോലെ പഴയ ചിലതിനെയെല്ലാം നമുക്കു വീണ്ടെടുത്തേ മതിയാകൂ.

ഒരു ജപമാലയിൽ മുറുകെപ്പിടിച്ച് അല്പസമയം ശാന്തമായിരുന്നാൽ ഉത്തരം കിട്ടാത്ത ചോദ്യങ്ങളിലേക്കൊന്നും നമ്മുടെ പൂർവികർ വീണുപോയിരുന്നില്ല. അവരുടെ ലോകം ചെറുതായിരുന്നുവെന്നും അവർക്കു വലിയ സ്വപ്നങ്ങൾ ഇല്ലായിരുന്നുവെന്നും ഉള്ളതു തപ്പിപ്പെറുക്കിമാത്രം കടന്നുപോയവരെന്നും നമുക്കു വിധിക്കാം. ഇടവകപ്പള്ളിക്കും കൃഷിയിടങ്ങൾക്കും ബന്ധുഗൃഹങ്ങൾക്കുമപ്പുറം മറ്റൊരു ലോകം ഒരിക്കൽപ്പോലും കണ്ടിട്ടില്ലാത്തവർ. എങ്കിലും അകവും പുറവും ഒരുപോലെ ദൃഢമായിരുന്ന മനുഷ്യരായിരുന്നു അവർ. സ്വന്തം ജീവിതവും കുടുംബവും അവരുടെ കൈകളിൽ ഭദ്രമായിരുന്നു. നമ്മുടേതോ? അസൂയ തോന്നത്തക്കവിധത്തിൽ പുറംമോടികളാർന്നതും എന്നാൽ, അകം ദുർബലവുമായ ഒരു സംസ്കാരവും തലമുറയും രൂപംകൊള്ളാൻ നമ്മുടെ ചില മറവികൾ കാരണമാകുന്നുണ്ട്. അഭീഷ്ടലബ്ധിയുടെ ഉപകാരസ്തുതികളിൽമാത്രമല്ല, സഫലമാകാത്ത പ്രാർഥനകളും സാക്ഷാത്കരിക്കപ്പെടാത്ത സ്വപ്നങ്ങളും താങ്ങാവുന്നതിനപ്പുറമുള്ള ഒറ്റപ്പെടലുകളും അപമാനവും കൂട്ടിമുട്ടുന്ന ജീവിതത്തിന്റെ മുക്കൂട്ടപ്പെരുവഴിയിലും ചേർത്തുപിടിക്കാനൊരു ദൈവമുണ്ടെന്ന ജീവോന്മുഖമായ ബോധ്യം പഴയകാലത്തിന്റെ കഷായക്കയ്പ്പുപോലെ നമുക്ക് അന്യമാവുകയല്ലേ?

പീടികക്കാരൻ പിശുക്കി മുറിച്ചെടുക്കുന്ന കടലാസുതുണ്ടിൽ എഴുതിക്കൂട്ടിയാൽ തീരാവുന്ന ജീവിതാവശ്യങ്ങളേ ഒരിക്കൽ നമുക്കുണ്ടായിരുന്നുള്ളൂ. എങ്കിലും, ജീവിതം തൃപ്തമായിരുന്നു. ഉറക്കം സമാധാനപൂർണമായിരുന്നു. വാങ്ങുന്നവനും വില്ക്കുന്നവനും തമ്മിലുള്ള പരസ്പരധാരണയുടെയും സൗഹൃദത്തിന്റെയും ഇടങ്ങൾകൂടിയായിരുന്നു അത്തരം പീടികമുറികൾ. നാമിന്നതിനെ ഉപഭോഗപരതയുടെ കെണിനിലങ്ങളിലേക്കു പറിച്ചുനടാൻ വെമ്പുന്നു. അല്പകാലത്തെ ഇലത്തഴപ്പുകൾ നോക്കി ഉള്ളം കുളിർക്കുന്നു. അവശ്യം എന്നു തോന്നിപ്പിച്ച ഒരുപാട് അനാവശ്യങ്ങളുടെ കരിവെയിലേറ്റ് ഒടുവിൽ ജീവിതം വാടുകയോ വീണുപോവുകയോ ചെയ്യുന്നു.

മുന്നൂറു രൂപ വീട്ടുവാടക കൊടുക്കാൻപോലുമില്ലാത്ത ദരിദ്രനും നിസ്സഹായനുമായ ഒരു കുടുംബനാഥൻ നഗരത്തിലെ മുന്തിയ കൺസ്ട്രക്ഷൻ കമ്പനിയിൽ ചെന്ന് വമ്പൻ വീടു പണിയാനുള്ള ചർച്ചകൾ നടത്തുന്നതും, പേരുകേട്ട വ്യാപാരശാലയിൽചെന്ന് ഇരുപതിനായിരത്തിന്റെ സാരി എടുത്തുവയ്ക്കാൻ ആവശ്യപ്പെടുന്നതും, ബേക്കറിയിൽ ചെന്ന് കുട്ടികൾക്കും ഭാര്യയ്ക്കും ഇഷ്ടമുള്ള മധുരപലഹാരങ്ങൾ വലിയ തുകയ്ക്ക് ഓർഡർ ചെയ്യുന്നതും, പുതിയൊരു മാരുതിക്കാർ വേണമെന്ന് വാഹനബ്രോക്കർകൂടിയായ സുഹൃത്തിനോടാവശ്യപ്പെടുന്നതും, വിമാനത്താവളത്തിൽ കയറിപ്പറ്റി അവിടെയുള്ള കാഴ്ചകൾ കൊതിയോടെ നോക്കിയിരിക്കുന്നതുമെല്ലാം ‘മായാമയൻ’ എന്ന കഥയിൽ എൻ. പ്രഭാകരൻ ചിത്രീകരിക്കുന്നുണ്ട്. ഉണ്ണിക്കൃഷ്ണൻ എന്നാണ് കഥാപാത്രത്തിന്റെ പേര്. താൻ ഇതിനൊക്കെ അർഹനാണെന്നു മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ ചെന്നെത്തുന്ന ഇടങ്ങളിലെല്ലാം അയാൾ ബോധപൂർവം തന്റെ സംസാരത്തിൽ ഇംഗ്ലീഷ്പദങ്ങൾ തിരുകിക്കയറ്റുന്നു. ഒടുവിൽ നഗരത്തിലെ ത്രീസ്റ്റാർ ഹോട്ടലിനുമുന്നിൽ ടാക്സിക്കാശു കൊടുക്കാതെ കടന്നുകളയാൻ ശ്രമിക്കുന്ന ഉണ്ണിക്കൃഷ്ണനെ ഡ്രൈവറും മറ്റുള്ളവരും ചേർന്നു ടെലിഫോൺ പോസ്റ്റിൽ പിടിച്ചുകെട്ടിയിടുന്നു. അയാൾ അവർക്കുനേരേ വാതുറന്നപ്പോൾ അതിൽ ഈരേഴുപതിന്നാലു ലോകങ്ങളും പ്രതിഫലിച്ചുവെന്ന വിവരണത്തോടെയാണ് കഥ അവസാനിക്കുന്നത്.

ജനനവും മരണവും വീടും വാഹനവും വേഷവും വിരുന്നും യാത്രയും വിനോദവുമെല്ലാം അവയുടെ യഥാർഥ ഔചിത്യങ്ങൾക്കും ആവശ്യങ്ങൾക്കുമപ്പുറം മറ്റേതൊക്കെയോ വ്യഗ്രതകളുടെ ആവിഷ്കാരോപാധികൾ മാത്രമായി മാറുന്നു.

ചാണകത്തിന്റെയും ചന്ദനത്തിന്റെയും വെവ്വേറെ ചിതകളിൽ എരിയുന്ന മൃതദേഹങ്ങൾ ചൂണ്ടിക്കാട്ടിയിട്ട് അച്ഛൻ മകനോടു ചോദിച്ചു; “ഏതാണ് ഭഗവാനു പ്രിയം?

ചന്ദനമോ?

ചാണകമോ?”

ഒരു നിമിഷനേരത്തെ ആലോചനയ്ക്കുശേഷം കുട്ടി ഉത്തരം പറഞ്ഞു: “ഭഗവാന്റെ നെറ്റിയിൽ ചന്ദനം ഉണ്ട്. എങ്കിലും ഭഗവാനു കൂടുതലിഷ്ടം പൈക്കളോടായിരിക്കും.” ഒ.വി. വിജയന്റെ ‘ഗുരുസാഗര’ത്തിലേതാണ് ഈ സന്ദർഭം. നല്ലതുപോലെ ജീവിക്കാൻമാത്രമല്ല, നല്ലതുപോലെ മരിക്കാൻകൂടി പണം വേണോ എന്ന ചോദ്യത്തിന്റെ തുടർച്ചയിലാണ് നോവലിസ്റ്റ് ഈ രംഗം ചിത്രീകരിക്കുന്നത്.

ആധുനികജീവിതം അതിന്റെ എല്ലാ ആർഭാടങ്ങളോടുംകൂടി ചുറ്റും അരങ്ങുതകർക്കുമ്പോൾ അതിനു പിടികൊടുക്കാതെ ശാന്തമായി ജീവിക്കുന്ന ഒരു വൃദ്ധകർഷകന്റെ കഥയാണ് ‘ഓൾഡ് പാർട്ണർ’ എന്ന ഡോക്യുമെന്ററി സിനിമയുടെ പ്രമേയം. ലീ ചുങ് റിയുൾ എന്ന കൊറിയൻസംവിധായകന്റെ ആദ്യസിനിമയാണിത്. നിലം ഉഴുതുമറിക്കാനും വണ്ടി വലിക്കാനുമായി അയാൾ അനേകവർഷങ്ങൾ ഉപയോഗിച്ച ഒരു പശുവാണ് മറ്റൊരു പ്രധാനകഥാപാത്രം. കേൾവിക്കുറവും കാലിലെ മുറിവും മുടന്തുമുൾപ്പെടെയുള്ള വാർധക്യസഹജമായ പ്രശ്നങ്ങൾ അയാളെ അലട്ടുന്നുണ്ട്. ഏതാണ്ട് ഇതേ അവസ്ഥയിൽത്തന്നെയാണു പശുവും. വീട്ടുകാരുടെയും നാട്ടുകാരുടെയും പരിഹാസങ്ങളും കുറ്റപ്പെടുത്തലുകളും കേട്ട് അയാൾ ആ സാധുമൃഗത്തെ ഉപേക്ഷിക്കാതെ തന്നാലാവുംവിധം അതിനെ പരിചരിക്കുകയും ട്രാക്ടറുകളും കീടനാശിനികളും രാസവളങ്ങളുമുപയോഗിച്ച് മറ്റുള്ളവർ കൃഷിചെയ്ത് ആർത്തിയോടെ പണമുണ്ടാക്കുന്നതു കണ്ട് ഭ്രമിക്കാതെ തന്റെ നിലത്ത് പരമ്പരാഗതരീതിയിൽ കൃഷി നടത്തുകയും ചെയ്യുന്നു. രോഗത്തെയും ശാരീരികപീഡകളെയും മറന്ന് ആ പശുവും അതിനെക്കൊണ്ടാവുംവിധം അയാൾക്കുവേണ്ടി അധ്വാനിക്കുന്നു. ആധുനിക മോട്ടോർവാഹനങ്ങൾ നിറഞ്ഞ നഗരത്തിലൂടെ പശു വലിക്കുന്ന ചെറുവണ്ടിയിലിരുന്ന് യാത്ര ചെയ്യുന്ന വൃദ്ധനും ആഡംബരവാഹനങ്ങൾ നിറഞ്ഞുകിടക്കുന്ന പാർക്കിങ് സ്ഥലത്ത് ആത്മവിശ്വാസമൊട്ടും കുറയാതെതന്നെ വൃദ്ധൻ തന്റെ ‘വാഹനം’ സുരക്ഷിതമായി പാർക്കു ചെയ്യുന്നതും സിനിമയിലെ സുന്ദരമായ ദൃശ്യങ്ങളാണ്. ചോയി വോൺ ക്വയൂൺ എന്ന കർഷകന്റെ യഥാർഥജീവിതത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു ഈ ചിത്രം. രണ്ടു വർഷത്തോളം ഈ കുടുംബത്തിനൊപ്പം താമസിച്ചശേഷമാണ് സംവിധായകൻ ഇതു പൂർത്തിയാക്കിയത്. നാം എപ്പോഴൊക്കെയോ കൈവിട്ടുകളഞ്ഞ പഴയ ചിലതിനെ ചേർത്തുപിടിച്ചുകൊണ്ടും ആയുധങ്ങളാക്കിക്കൊണ്ടും പുതുകാലത്തിന്റെ ഹിംസാത്മകപ്രവണതകളോടു നടത്തുന്ന പോരാട്ടത്തിന്റെ പ്രതീകംകൂടിയാണ് ‘ഓൾഡ് പാർട്ണർ.’



അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്പിതാവ് ഒരു മൃതസംസ്കാരശുശ്രൂഷയിൽ നടത്തിയ പ്രസംഗത്തിലെ ഒരു ഭാഗം ഓർത്തുപോകുന്നു: “നമ്മുടെ ആത്മീയത ഇന്നെവിടെ എത്തിനില്ക്കുന്നു എന്നറിയണമെങ്കിൽ നമ്മുടെ വല്യമ്മച്ചിമാരിൽനിന്ന് നാം എത്രമാത്രം ദൂരെയാണെന്ന് ആത്മശോധന നടത്തിയാൽ മതിയാകും.” ആത്മീയതയിൽ മാത്രമല്ല, ആധുനികജീവിതത്തിന്റെ എല്ലാ ഇടങ്ങളിലും ഇത്തരത്തിലുള്ള പഴയ ചിലതിനെ കൂട്ടുപിടിച്ചേ നമുക്കു മുന്നേറാനാകൂ എന്നതു വിസ്മരിക്കാതിരിക്കാം. ■



കഥ

ജെയിംസ് ചൂരനോലി

# കഥാപാത്രങ്ങൾ

ദിനപത്രത്തിന്റെ ആദ്യപേജിൽ നാലിലൊന്നുഭാഗത്തു നിറഞ്ഞുനിൽക്കുന്ന ചരമപ്പരസ്യത്തിലെ സുപരിചിതമായ മുഖമാണ് ഔതച്ചന്റെ ശ്രദ്ധയെ ആകർഷിച്ചത്.

"എടിയേ...!" ഔതച്ചൻ ഉച്ചത്തിൽ വിളിച്ചു. ഭാര്യ മറിയക്കുട്ടി പൂമുഖത്തേക്കു ധൃതിയിൽ എത്തി. ഔതച്ചൻ പത്രത്തിന്റെ ഫ്രണ്ട്പേജ് ഭാര്യയ്ക്കു കാണത്തക്കവിധം ഉയർത്തിപ്പിടിച്ചു.

"ഇതു നമ്മടെ അന്നാമ്മച്ചേടത്തിയല്ലേ?" ചെറിയ നിലവിളിപോലെ മറിയക്കുട്ടിയുടെ ശബ്ദം.

ഔതച്ചൻ കണ്ണടയൊന്നമർത്തി സ്വരമുയർത്തി വായിച്ചു:

"ഞാറയ്ക്കൽ പരേതനായ ചാണ്ടി ദേവസ്യയുടെ ഭാര്യ അന്നമ്മ ചാണ്ടി, എൺപത്തിനാലു വയസ്സ് നിര്യാതയായി. സംസ്കാരശുശ്രൂഷകൾ ഇന്ന് ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് സ്വഭവനത്തിൽ ആരംഭിക്കുന്നതും..."

"നമുക്കു പോണ്ടേ മരിച്ചടക്കിന്?"

വായനയ്ക്കു ഭംഗം വരുത്തി മറിയക്കുട്ടി ഇടയ്ക്കുകയറി.

"എടീ മക്കടേം മരുമക്കടേം കൊച്ചുമക്കടേം പേരുണ്ട്."

"അതുകൊണ്ടെന്താ. പെൺമക്കളു മൂന്നെണ്ണത്തിനേം നമ്മളു ചുമന്നോണ്ടു നടന്നതല്ലേ. ഒരു കുടുംബംപോലെ ഇവിടെ കഴിഞ്ഞുകൂടിയതൊക്കെ മറക്കാൻ പറ്റ്വോ. നിങ്ങളടക്കിനു പോവുന്ന കാര്യം പറ മനുഷ്യാ."

ഔതച്ചൻ പത്രം മടക്കി എഴുന്നേറ്റു. "എടീ, മക്കള് വണ്ടിയൊരെണ്ണം വാങ്ങിച്ചുതന്നിരിക്കുന്നത് ഇത്തരം കാര്യങ്ങൾക്കുപകരിക്കാനാ. നാലഞ്ചു മണിക്കൂർ യാത്രയുണ്ട്. അത്രടം എത്താൻ. ഞാനാ ഡ്രൈവറ് സോമനെയൊന്നു കിട്ടുമോന്നു നോക്കട്ടെ. നീയൊരുങ്ങിക്കോ."

മറിയക്കുട്ടിയുടെ മുഖം തെളിഞ്ഞു. അവർ വീടിനകത്തേക്കു തിരിഞ്ഞു. ഔതച്ചൻ ടീപ്പോയിലിരുന്ന മൊബൈലുമെടുത്ത് മുറ്റത്തേക്കിറങ്ങി.

നഗരത്തിന്റെ തിരക്കിൽനിന്നൊഴിഞ്ഞ്, നാലുവരിപ്പാതയിൽനിന്നു വിളിപ്പാടകലെ പ്രൗഢിയിൽ പടുത്തുയർത്തിയ ഇരുനിലവീട്.

ഞാറയ്ക്കൽ ഭവനം.

നാഷണൽ ഹൈവേയുടെ ഇരുവശങ്ങളിലും വാഹനങ്ങളുടെ നീണ്ട നിര.

വിശാലമായ വീട്ടുമുറ്റം നിറഞ്ഞുനിൽക്കുന്ന പന്തലിൽ നിറയെ ആൾക്കൂട്ടം. ആൾക്കൂട്ടത്തിനു നടുവിൽ വെള്ള വിരിച്ച മേശമേൽ, തിളങ്ങുന്ന ശവപ്പെട്ടിക്കുള്ളിൽ, കുരിശുപിടിച്ച് കൈകൂപ്പി അന്നമ്മ ചാണ്ടി അന്ത്യയാത്രയ്ക്കായി ഒരുങ്ങിക്കിടക്കുന്ന കാഴ്ച, നിർന്നിമേഷരായി ഔതച്ചനും മറിയക്കുട്ടിയും ഏതാനും നിമിഷങ്ങൾ നോക്കിനിന്നു.

പ്രാർഥനാമന്ത്രങ്ങളും ചരമഗീതങ്ങളും അന്തരീക്ഷം ശബ്ദമുഖരിതമാക്കി. എരിഞ്ഞടങ്ങുന്ന സാമ്പ്രാണിത്തിരിയുടെ ഗന്ധം!

മേശയ്ക്കുചുറ്റും റീത്തുകളുകളുടെ കൂമ്പാരം.

ഒന്നിലധികം വീഡിയോ ക്യാമറകൾ എല്ലാ ദൃശ്യങ്ങളും ഒപ്പിയെടുക്കുന്നു.

ആൾക്കൂട്ടത്തിനു നടുവിൽ അപരിചിതരെപ്പോലെ ഔതച്ചനും മറിയക്കുട്ടിയും നിന്നു. അന്നമ്മച്ചേടത്തിയുടേതല്ലാതെ പരിചിതമായ ഒരു മുഖവും അവരവിടെ കണ്ടില്ല.

വെള്ള ഖദർജൂബ്ബയും മുണ്ടും ധരിച്ച ഒരു മധ്യവയസ്കനും അയാളുടെ ഭാര്യയെന്നു തോന്നിക്കുന്ന, നാല്പതുപിന്നിട്ട, ആകർഷകമായി സാരിയുടുത്ത സുമുഖയായ സ്ത്രീയുമാണ് ഓടിനടന്ന് എല്ലാക്കാര്യങ്ങൾക്കും മേൽനോട്ടം വഹിക്കുന്നത്.

കൃത്യസമയത്തുതന്നെ കത്തീഡ്രൽപള്ളി വികാരിയച്ചനെത്തി മൃതസംസ്കാരച്ചടങ്ങുകളാരംഭിച്ചു. ചരമപ്രസംഗത്തിനിടയിൽ അച്ചൻ പറഞ്ഞു: "അന്നമ്മച്ചേടത്തിയുടെ മൂന്നുമക്കളും അവരുടെ കുടുംബവും മൂന്നു വിദേശരാജ്യങ്ങളിലിരുന്ന്, ഇന്നിവിടെ നടക്കുന്ന ചരമശുശ്രൂഷകളിൽ ലൈവായി ഭാഗഭാക്കാവുന്നുണ്ട്."



ഔതച്ചനും മറിയക്കുട്ടിയും ദീർഘനിശ്വാസം പൊഴിച്ചു.

ഭവനത്തിലെ ചടങ്ങുകൾക്കുശേഷം മൃതദേഹവും വഹിച്ചുകൊണ്ട് ആംബുലൻസ് ദൈവാലയത്തിലേക്കു യാത്രയായി. നിരവധി വാഹനങ്ങൾ അനുഗമിച്ചു. പള്ളിയിലെ പ്രാർഥനകൾക്കുശേഷം സെമിത്തേരിയിലെ ചാപ്പലിൽ അന്നമ്മച്ചേടത്തിയെ കൊണ്ടുപോയി കിടത്തി. അവിടെ അന്തിമോപചാരമർപ്പിക്കാൻ ആളുകളുടെ നീണ്ട ക്യൂ രൂപപ്പെട്ടു. അനന്തരം വികാരനിർഭരമായ അന്ത്യചുംബനകർമം.

സ്ത്രീകൾ പലരും കണ്ണീർ വാർത്തു കരഞ്ഞു. ശോകം തളംകെട്ടിയ മുഖഭാവത്തോടെ പുരുഷന്മാരും ചുംബനകർമത്തിൽ പങ്കാളികളായി. എല്ലാ ചടങ്ങുകൾക്കുംശേഷം അന്നമ്മച്ചേടത്തിയുടെ ചേതനയറ്റ ശരീരം കുടുംബക്കല്ലറയിൽ അടക്കം ചെയ്തു.

ആകാശത്ത് മഴമേഘങ്ങൾ ഇരുണ്ടുകൂടിത്തുടങ്ങിയിരുന്നു.

ജനക്കൂട്ടം സെമിത്തേരി വിട്ടിറങ്ങി. പള്ളിമൈതാനത്തുനിന്നു വാഹനങ്ങൾ നിരനിരയായി പുറത്തേക്കൊഴുകി.

വിശാലമായ മൈതാനിയിൽ പാർക്കു ചെയ്തിരുന്ന സ്വിഫ്റ്റ് കാറിന്റെ ബോണറ്റിൽ ചാരി ഡ്രൈവർ സോമൻ കാഴ്ചകൾ കണ്ടു നിൽക്കുകയാണ്.

ഖദർധാരിയായ മധ്യവയസ്കൻ ചരൽ വിരിച്ച പള്ളിമുറ്റത്തൂടെ വെരുകിനെപ്പോലെ നടന്ന്, മൊബൈലിൽ ആരോടോ കലഹിക്കുംപോലെ ഉച്ചത്തിൽ സംസാരിക്കുകയാണ്.

അയാളുടെ ഭാര്യയെന്നു തോന്നിച്ച സ്ത്രീ പള്ളിയുടെ പിന്നാമ്പുറത്തെ ഞാവൽമരത്തിന്റെ ചുവട്ടിൽ, കൈകൾ മാറത്തു പിണച്ചുകെട്ടി മധ്യവയസ്കന്റെ ചലനങ്ങൾ സാകൂതം ശ്രദ്ധിച്ചെന്നപോലെ സഗൗരവം നിലകൊള്ളുന്നു.

ഔതച്ചനും മറിയക്കുട്ടിയും ആ സ്ത്രീക്കരികിലേക്കു ചെന്നു.

"ഞങ്ങൾ ഇടുക്കിജില്ലയിലെ ഏലപ്പാറയിൽനിന്നു വന്നവരാ. കൊറേ വർഷങ്ങൾക്കുമുമ്പ് അന്നമ്മച്ചേടത്തീം ഞങ്ങളുമൊക്കെ അയൽവാസികളും ഒരു കുടുംബംപോലെ കഴിഞ്ഞവരുമാ."

മറിയക്കുട്ടിയാണു പറഞ്ഞത്.

ഗൗരവത്തിൽ നിന്ന സ്ത്രീയുടെ മുഖത്ത് നേർത്തൊരു പുഞ്ചിരി വിരിഞ്ഞു. അവർ മറിയക്കുട്ടിയുടെ കരംഗ്രഹിച്ച് ആരാഞ്ഞു: "എന്നതാ പേര്?"

"എന്റെ പേര് മറിയക്കുട്ടി. ഇതെന്റെ കെട്ട്യോൻ ഔതച്ചൻ. ഞങ്ങള് കൃഷിക്കാരാ."

"എന്റെ പേര് സ്റ്റെല്ല."

അവർ ദന്തനിര പ്രകടമാക്കി ചിരിച്ചു.

"അന്നമ്മച്ചേടത്തീടെ...?"

"സ്വന്തോം ബന്ധോം ഒന്നുമില്ല. ഞങ്ങൾ 'സായാഹ്നം' എന്ന സ്ഥാപനം നടത്തുന്നവരാ."

"സായാഹ്നമോ?"

"അതേ. മക്കൾ വിദേശത്തുള്ളവരുടെ മാതാപിതാക്കളെ സ്വന്തം നാട്ടിൽ, അവരുടെ വീട്ടിൽ ആവശ്യമായ എല്ലാ സംരക്ഷണവും പരിചരണവും കൊടുത്ത് പരിപാലിച്ച് കണ്ടില്ലേ, ഇന്നിവിടെ നടന്ന രാജകീയയാത്രയയപ്പ്. അതുവരെ ഞങ്ങളുടെ സേവനത്തിൽപ്പെടും."

മറിയക്കുട്ടിയും ഔതച്ചനും കണ്ണുംമിഴിച്ച് സ്റ്റെല്ലായെ നോക്കി.

സ്റ്റെല്ല പിന്നെയും ദന്തനിര പ്രകടമാക്കി: "ശരിക്കങ്ങ് പിടികിട്ടിയില്ലല്ലേ...? ഇന്നിവിടെ നടന്ന ഈ ശവസംസ്കാരകർമത്തിലെ ഒറിജിനൽ കഥാപാത്രങ്ങൾ അന്നമ്മച്ചേടത്തിയും, ഈ പള്ളിയിലെ വികാരിയച്ചനും പിന്നെ കപ്യാരും മാത്രമാ. ബാക്കി ആൾക്കൂട്ടമൊക്കെ ഞങ്ങളുടെ സായാഹ്നം സൃഷ്ടിച്ചതാ."

"അപ്പോ, അന്ത്യചുംബനം നല്കിയ ബന്ധുക്കളും, കരഞ്ഞവരും കണ്ണീർ പൊഴിച്ചവരുമൊക്കെയോ?"

"പറഞ്ഞില്ലേ, അതൊക്കെ ഞങ്ങടെ കഥാപാത്രങ്ങളാ."

"എന്റൊടേതമ്പുരാനേ...!" മറിയക്കുട്ടി താടിക്കു കൈത്താങ്ങു കൊടുത്ത് ചെറിയ ശബ്ദത്തിൽ നിലവിളിച്ചു.

ഔതച്ചൻ പ്രതിമ കണക്കേ നിൽക്കുകയാണ്.

ആട്ടെ, നിങ്ങളുടെ മക്കളൊക്കെ...?

സ്റ്റെല്ലാ തിരക്കി.

"ഒരു മോനും മോളുമാ. രണ്ടുപേരും കുടുംബത്തോടെ വിദേശത്താ. മോനയർലണ്ടിലും, മോളോസ്ട്രിയയിലും."

മറിയക്കുട്ടി പറഞ്ഞു.

"ഓഹോ! എന്നാ നിങ്ങൾക്കും തീർച്ചയായും ഞങ്ങളുടെ സേവനം ആവശ്യമായി വരും."

സ്റ്റെല്ല ചിരിയോടെ പറഞ്ഞുകൊണ്ട് ധൃതിയിൽ തന്റെ കൈയിലിരുന്ന പേഴ്സ് തുറന്ന് ഒരു കാർഡെടുത്ത് മറിയക്കുട്ടിക്കു നീട്ടി. മറിയക്കുട്ടി യാന്ത്രികമായി ആ കാർഡ് വാങ്ങി.

എന്താവശ്യമുണ്ടെങ്കിലും വിളിച്ചാ മതി.

ഈ സമയം ഖദർധാരിയായ മധ്യവയസ്കൻ ഫോൺസംഭാഷണമവസാനിപ്പിച്ച്, കലിതുള്ളിയെന്നപോലെ അവർക്കരികിലെത്തി: "വിദേശത്തുള്ളവളുമാർക്ക് ചെലവിന്റെ കണക്കത്ര ബോധിച്ചില്ല. അമ്പതുലക്ഷം അത്രവലിയ സംഖ്യയാണോ?"

ഇരുണ്ടുവന്ന അന്തരീക്ഷത്തിൽ പൊടുന്നനെയൊരു മിന്നൽപ്പിണർ...! തടിനിർമിതമായ വലിയ പത്തായം തുറക്കുന്ന ശബ്ദപ്രകടനത്തോടെ അന്തരീക്ഷം പ്രകമ്പനം കൊണ്ടു. ചരൽ വാരിയെറിഞ്ഞ ശബ്ദത്തോടെ മഴത്തുള്ളികൾ മുറ്റത്തേക്കു വീണുടഞ്ഞുകൊണ്ടിരുന്നു. സ്റ്റെല്ലായും മധ്യവയസ്കനും പള്ളിമേടയിലേക്ക് ഓടി.

സോമൻ സ്വിഫ്റ്റുമായി മഴത്തുള്ളികളെ വകഞ്ഞുമാറ്റി ഞാവൽമരത്തിനരികിലേക്കു വരുന്നുണ്ടായിരുന്നു. ■

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# കള്ളക്കടൽ

ആഴമുള്ള കടലിന് ആഴക്കടൽ (Deep sea) എന്നും തീരത്തോടു തൊട്ടുനിൽക്കുന്ന കടലിന് തീരക്കടൽ എന്നും പറയുന്നു. സായ്പിന്റെ ഡീപ്പ് സീയാണ് മലയാളിയുടെ പുറംകടൽ(പുറങ്കടൽ). ഭൂവിഭാഗത്തിന്റെ (കരയുടെ) ഉള്ളിലേക്കു കയറിക്കിടക്കുന്ന ഒരു കടലുമുണ്ട്. അതാണ് ഉൾക്കടൽ. ഉദാഹരണം ബംഗാൾ ഉൾക്കടൽ. ഇവ കൂടാതെ, സമീപകാലത്ത് ഒരു കടൽകൂടി നമുക്കു പരിചിതമായി: കള്ളക്കടൽ. നിഘണ്ടുക്കൾ ഈ വാക്ക് പരിഗണിച്ചുവരുന്നതേയുള്ളൂ.

എന്താണ് കള്ളക്കടൽ? സമുദ്രത്തിൽ വിദൂരമായി ഉണ്ടാകുന്ന ചുഴലിക്കാറ്റ് തീരത്തു വലിയ തിരകൾ ഉണ്ടാക്കുന്ന പ്രതിഭാസമാണ് കള്ളക്കടൽ (Swell Surge). അപ്രതീക്ഷിതമായി തിരകൾ അടിച്ചുകയറി തീരത്തെ അപ്പാടെ കവർന്നെടുക്കും. തന്മൂലം ഈ പ്രതിഭാസത്തിന് കള്ളക്കടൽ എന്നു തദ്ദേശവാസികൾ നാമകരണം ചെയ്തു. കാറ്റിന്റെ ഗതിവിഗതികൾക്കനുസരിച്ചോ ചന്ദ്രന്റെ ഗുരുത്വാകർഷണഫലമായോ അല്ലാതെ അപ്രതീക്ഷിതമായി എത്തുന്ന വൻതിരകൾ തീരത്ത് നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതിനാലാണ് കള്ളക്കടൽ എന്ന പേര് സ്വാഭാവികമായി രൂപം കൊണ്ടത്.

കള്ള + കടൽ, സന്ധി ചെയ്യുമ്പോൾ കള്ളക്കടൽ എന്നാവും. കള്ള(ം), കടൽ എന്നീ വാക്കുകൾ വിശേഷണവിശേഷ്യങ്ങൾ ആയതിനാലാണ് സന്ധിയിൽ, ഉത്തരപദാദിയിലെ ദൃഢവർണമായ 'ക' ഇരട്ടിച്ചത്. "വിശേഷണവിശേഷ്യങ്ങൾ/ പൂർവോത്തരപദങ്ങളായ്/ സമാസിച്ചാലിരട്ടിപ്പൂ/ ദൃഢം പരപദാദിഗം" (കാരിക 13) എന്നാണല്ലോ ഇതിന്റെ പിന്നിലെ നിയമം. കള്ളക്കടൽ എന്ന പദത്തെ കള്ളം + കടൽ എന്നു പിരിച്ചെഴുതുന്നതും വ്യാകരണപരമായി ശരിയാണ്. അപ്പോൾ അനുസ്വാരലോപം അധികമായി വരുന്നു എന്നു വിശേഷം. കള്ളക്കണക്ക്, കള്ളക്കടത്ത്, കള്ളക്കണ്ണീർ, കള്ളക്കളി എന്നിങ്ങനെ മേൽവിവരിച്ച നിയമപരിധിയിൽ വരുന്ന ഒട്ടേറെ വാക്കുകൾ മലയാളത്തിൽ ഉണ്ടല്ലോ. സമാനസ്വഭാവമുള്ള പദങ്ങൾക്കുവേണ്ടി പുതിയ നിയമം സൃഷ്ടിക്കേണ്ടതില്ല.

* രാജരാജവർമ്മ, ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്. കോട്ടയം, 1988, പുറം – 130.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ഹൃദയാനന്ദം ഒരുവന്റെ ജീവനും സന്തോഷം അവന്റെ ആയുസ്സും ആണ്.
പ്രഭാഷകൻ 30:22

**എഡിറ്റോറിയൽ**

# കേരളമക്കളുടെ ജീവന് ആരു കണക്കുപറയും?

രാജ്യത്തിന്റെ സമീപകാല ചരിത്രത്തിലെ ഏറ്റവും വലിയ പ്രകൃതിദുരന്തങ്ങളിലൊന്നാണ് കഴിഞ്ഞമാസം മുപ്പതിന് വയനാട്ടിലുണ്ടായത്. മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളെ തുടച്ചുനീക്കിയ വൻ ഉരുൾപൊട്ടലിൽ മരണസംഖ്യ കൃത്യമായി തിട്ടപ്പെടുത്താൻപോലും (നാനൂറിലധികമെന്നു മാധ്യമറിപ്പോർട്ടുകൾ) നമുക്കായിട്ടില്ല.

പ്രകൃതിയുടെ ഭീകരതാണ്ഡവം വയനാടൻജനതയെ വല്ലാതെ ഉലച്ചിരിക്കുകയാണ്. അതിരൂക്ഷ ഉരുൾപൊട്ടൽസാധ്യതകളെക്കുറിച്ചുള്ള പഠനറിപ്പോർട്ടുകൾ പുറത്തുവന്നതോടെ മലയോരമേഖലയിൽ മാത്രമല്ല, കേരളത്തിലെ ജനമനസ്സുകളിലാകെ ഭയം നിറഞ്ഞിരിക്കുകയാണ്. അതിതീവ്രമഴയും കാലാവസ്ഥാവ്യതിയാനവും ഭൂകമ്പസാധ്യതയുംനിമിത്തം ഭയത്തിന്റെ ഇരുട്ടറയിൽ ദിനരാത്രങ്ങൾ തള്ളിവിടുന്നവരുടെ എണ്ണം കേരളത്തിൽ പെരുകുകയാണ്.

അതിനിടയിലാണ് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ആയുസ്സിനെക്കുറിച്ചുള്ള വാദപ്രതിവാദങ്ങളും ഊഹാപോഹങ്ങളും കൊഴുക്കുന്നത്. തങ്ങളുടെ ജീവനും സ്വത്തിനും വിലകല്പിക്കാൻ, സുരക്ഷയൊരുക്കാൻ കേന്ദ്ര-സംസ്ഥാനസർക്കാരുകൾക്കോ കോടതിക്കുപോലുമോ സാധിക്കുന്നില്ലേയെന്ന് ഹൃദയംനുറുങ്ങി ചോദിക്കുന്ന 35 ലക്ഷത്തോളം കേരളീയരുടെ നിസ്സഹായതയുടെ ചരിത്രഗാഥകൂടിയാണ് മുല്ലപ്പെരിയാർ അണക്കെട്ടിനുള്ളത്.

അമേരിക്കൻ പത്രമായ 'ന്യൂയോർക്ക് ടൈംസ്' 2023 സെപ്റ്റംബർ 17 ന് പുറത്തുവിട്ട റിപ്പോർട്ടിലാണ് നൂറിലേറെ വർഷം പഴക്കമുള്ളതും ഭൂകമ്പമേഖലയിലുള്ളതുമായ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടാവസ്ഥ എടുത്തുപറഞ്ഞത്. 2023 സെപ്റ്റംബർ 10 ന് രാത്രിയിലുണ്ടായ കനത്ത മഴയിൽ ലിബിയയിലെ വാഡി, ഡെർണ ഡാമുകൾ തകർന്ന് 12,000 പേർ മരിക്കുകയും 10,000 പേരെ കാണാതാവുകയും ചെയ്തത് മുൻകൂട്ടി അറിയാനും തടയാനും കഴിയുമായിരുന്നു എന്നാണ് പ്രസ്തുത റിപ്പോർട്ടിൽ പറയുന്നത്. ലോകത്ത് പലയിടത്തും സമാനദുരന്തങ്ങൾ കാത്തിരിപ്പുണ്ടെന്നു പറഞ്ഞതിന്റെ കൂട്ടത്തിലാണ് നിർമാണസാമഗ്രികളുടെ ശോഷണംമൂലം ഒരു കൽക്കെട്ടുമാത്രമായി മാറിയ മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ചുള്ള ആശങ്ക പങ്കുവച്ചത്.

തുംഗഭദ്രഡാമിന്റെ ഷട്ടർ കഴിഞ്ഞയാഴ്ച തകരുകയും ചെയ്തതിന്റെ പശ്ചാത്തലത്തിലാണ് മുല്ലപ്പെരിയാർ സുരക്ഷിതമോ എന്നത് അതീവഗൗരവത്തോടെ കേരളം ചർച്ച ചെയ്യുന്നത്. സിമന്റുചേർത്ത കോൺക്രീറ്റിന്റെ ഉപയോഗം പ്രചാരത്തിലില്ലാതിരുന്ന കാലത്ത് ഇഷ്ടികപ്പൊടിയും മണലും ചുണ്ണാമ്പുകല്ലും ശർക്കരയും ചേർത്തുണ്ടാക്കിയ സുർക്കി മിശ്രിതം ഉപയോഗിച്ചു നിർമിച്ച രാജ്യത്തെ രണ്ടുവലിയ അണക്കെട്ടുകളാണ് മുല്ലപ്പെരിയാറും തുംഗഭദ്രയും.

1895 ൽ നിർമിച്ച മുല്ലപ്പെരിയാർ ഡാം 999 വർഷത്തേക്ക് തമിഴ്നാടിന് പാട്ടത്തിനു കൊടുത്താണ് കരാർ എഴുതിയിരിക്കുന്നത്. 50 വർഷം മാത്രം ആയുസ്സു കല്പിക്കപ്പെട്ട അണക്കെട്ടിനു 999 വർഷത്തെ കരാർ! വിചിത്രമെന്നല്ലാതെ എന്തുപറയാൻ! പെരിയാർ പഴയ തിരുവിതാംകൂർ നാട്ടുരാജ്യത്തിന്റെ ഭാഗമായിരുന്നതിനാൽ അണക്കെട്ടിന്റെ കരാറിൽ അന്നത്തെ ഭരണാധികാരിയെന്ന നിലയിൽ വിശാഖം തിരുനാൾ രാമവർമ ഒപ്പിടണമായിരുന്നു. പെരിയാർ ലീസ് എഗ്രിമെന്റിനോട് വിയോജിപ്പുണ്ടായിരുന്ന അദ്ദേഹത്തെ ബ്രിട്ടീഷുകാർ നിർബന്ധിച്ച് ഒപ്പുവയ്പിക്കുകയായിരുന്നു. 'എന്റെ ഹൃദയരക്തംകൊണ്ടാണ് ഞാൻ ഒപ്പുവയ്ക്കുന്നത്' എന്നാണ് അദ്ദേഹം ഇതിനെക്കുറിച്ചു പ്രതികരിച്ചത്. 99 വർഷത്തേക്കുള്ള ഉടമ്പടിയാണെന്നു മഹാരാജാവിനെ തെറ്റിധരിപ്പിക്കുകയും പിന്നീടെപ്പോഴോ ഒരു '9' കൂട്ടിച്ചേർക്കുകയും ചെയ്തിരിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. വിചിത്രമെന്നു പറയട്ടെ, 1970 മേയ് 29 ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന സി. അച്യുതമേനോൻ, കേരളത്തിന്റെ ശാപമായി മാറിയ 1886 ഒക്ടോബർ 29 ലെ കരാർ പുതുക്കിക്കൊടുത്ത് ഒപ്പിട്ടതുവഴി പരാജയങ്ങളുടെ ഒരു പുതുയുഗം പിറവികൊള്ളുകയായിരുന്നു. പഴയ വ്യവസ്ഥകൾ നിലനിർത്തുകയും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള അനുമതി പുതിയ കരാറിൽ ഉൾപ്പെടുത്തുകയും ചെയ്തതാണു ദയനീയം.

അതേസമയം, സ്വാതന്ത്ര്യലബ്ധിയോടെ ബ്രിട്ടീഷ് സർക്കാരും ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുമായുള്ള എല്ലാ പാട്ടക്കരാറുകളും റദ്ദുചെയ്തതായി 'ഇന്ത്യ ഇൻഡിപെൻഡന്റ് ആക്ട്' ഉദ്ധരിച്ചു വാദിക്കുന്നവരുണ്ട്. മദ്രാസ് പ്രസിഡൻസിയും തിരുവിതാംകൂറും ഇന്ത്യൻ യൂണിയനിൽ ലയിച്ചതോടെ 1886 ലെ പെരിയാർ ലീസ് കരാറിനു സാധുതയില്ലെന്നും ഇവർ സമർഥിക്കുന്നു. സുപ്രീംകോടതി അടിസ്ഥാന സ്വഭാവമുള്ള ഇത്തരം വാദമുഖങ്ങൾ ഉൾപ്പെടെ സൂക്ഷ്മമായി വിലയിരുത്തുന്ന സമയമാണിത്.

തർക്കവിതർക്കങ്ങൾ ചൂടുപിടിക്കുമ്പോഴും സുപ്രീംകോടതി നിയോഗിച്ച വിദഗ്ധസമിതി മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ചുള്ള അമിതമായ ആശങ്കകൾ തള്ളിക്കളയുകയാണ്. മുല്ലപ്പെരിയാറിലേത് ഗ്രാവിറ്റി ഡാമാണ്. അടിയിൽ വീതി വളരെ കൂടുതലും മുകളിലേക്കു വീതി കുറഞ്ഞതുമായ ഭാരാശ്രിതനിർമാണരീതിയാണിത്. വെള്ളം കെട്ടിനിൽക്കുന്ന ഭാഗം കുത്തനെയും മറുഭാഗം ചെരിഞ്ഞുമാണ്. ഡാമിന്റെ വലിയ ഭാരത്തെ തള്ളിമാറ്റാൻ മറുഭാഗത്തെ വെള്ളത്തിന്റെ കുറഞ്ഞബലത്തിനു കഴിയില്ലെന്ന ഫിസിക്സിലെ തത്ത്വമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. സുർക്കി മിശ്രിതം കാലക്രമേണ ഇളകിപ്പോയതിനാൽ, കോൺക്രീറ്റുപയോഗിച്ചു ഡാം ബലപ്പെടുത്തി. ഉരുക്കുകേബിൾ ഉപയോഗിച്ച് വെള്ളത്തിനടിയിലെ പാറയും ഡാമിന്റെ മുകളിലെ കോൺക്രീറ്റും തമ്മിൽ ബന്ധിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, ഡാമിന്റെ തറവിസ്തീർണം കൂടിയിട്ടുണ്ട് എന്നതും അമിതമായി ഉത്കണ്ഠ വേണ്ടെന്നു പറയുന്നവരുടെ വാദമുഖങ്ങളാണ്.

ഒരു മനുഷ്യനിർമിതിയും അനന്തകാലത്തേക്കു നിലനില്ക്കുന്നതല്ല. അതിനാൽ, ഗൃഹപാഠം ചെയ്യാതെ കേരളം ഇനിയും കോടതിവരാന്തകൾ കയറിയിറങ്ങരുത്. 'തമിഴ്നാടിനു വെള്ളവും കേരളത്തിനു സുരക്ഷയും' എന്ന ഫോർമുല പ്രായോഗികമായ ഒരു പരിഹാരം തന്നെയാണ്. കോടതിവിധിക്കായി നമുക്കിനിയും കാത്തിരിക്കാനാവില്ല. പ്രശ്നത്തിനു വേണ്ടത് നിയമപരമെന്നതിനെക്കാൾ രാഷ്ട്രീയമായ പരിഹാരമാണ്. കേരള – തമിഴ്നാട് മുഖ്യമന്ത്രിമാർ ഒരുമിച്ചിരുന്നാൽ തീരുന്ന പ്രശ്മേയുള്ളൂ ഇത്. പുതിയ ഡാം പണിത് തമിഴ്നാടിനു തുടർന്നും വെള്ളമുറപ്പാക്കുന്ന ചർച്ചകൾക്കു തടയണ കെട്ടേണ്ടതില്ല. ഇരുസർക്കാരുകളും ഇന്ത്യാസഖ്യത്തിന്റെ ഭാഗമായിരിക്കേ, സഹകരണാധിഷ്ഠിത ഫെഡറലിസത്തിന്റെ പുതിയ മാതൃക സൃഷ്ടിക്കാൻ സഖ്യം നേതൃത്വം കൊടുക്കാൻ തയ്യാറാകുന്ന കാലം വിദൂരമല്ലെന്നു പ്രത്യാശിക്കാം.



## പ്രതികരണം

## അമിതസ്വാതന്ത്ര്യത്തിന്റെ ദുഷിപ്പുകൾ

ദീപനാളം ഓഗസ്റ്റ് 15 ലക്കത്തിൽ ഡോ. കുര്യാസ് കുമ്പളക്കുഴി എഴുതിയ ലേഖനം 'ചരിത്രമുറങ്ങുന്ന സ്വാതന്ത്ര്യവീഥികൾ' വായിച്ചു. അസ്വാതന്ത്ര്യത്തിന്റെ പരാധീനതകളൊന്നും നമ്മളെ അലട്ടുന്നില്ലെന്നും അമിതസ്വാതന്ത്ര്യത്തിന്റെ ദുഷിപ്പുകൾമാത്രമേ ഇന്നു സഹിക്കേണ്ടിവരുന്നുള്ളൂവെന്നും അദ്ദേഹം ആമുഖമായി പറയുന്നുണ്ട്. അതു ശരിതന്നെ.

എന്നിരുന്നാലും, എല്ലാവർക്കും ലഭ്യമായെന്നു പറയുന്ന സ്വാതന്ത്ര്യം ഒരേ അളവിലാണോ? ഇന്നും അധികാരം കൈയാളുന്നവർ തങ്ങളുടെ ഇച്ഛയ്ക്കു വഴങ്ങാത്തവരെ ഇരുമ്പഴിക്കുള്ളിലാക്കുന്ന ക്രൂരവിനോദങ്ങൾക്ക് ഒരു കുറവുമില്ല. ജനായത്തഭരണമാണെങ്കിൽക്കൂടി, ഇന്ത്യയിൽത്തന്നെ രാജഭരണത്തെ ഓർമിപ്പിക്കുന്ന നടപടികളല്ലേ പല മുഖ്യമന്ത്രിമാരുടെയും ഭാഗത്തുനിന്നുണ്ടാകുന്നത്? പ്രധാനമന്ത്രിതന്നെയും ഇക്കാലമത്രയും തുടർന്നുവന്ന നയം ഒരു രാജാവിന്റേതായിരുന്നുവെന്നു പറഞ്ഞാൽ അതു വാസ്തവമല്ലേ?

കുര്യാസ്സാർ പറയുന്ന അമിതസ്വാതന്ത്ര്യത്തിന്റെ ദുഷിപ്പുകളാണ് ഇന്ന് എവിടെയും കാണാനുള്ളത്. അതിന്റെ ആപത്തുകൾ ചെറുതല്ലതാനും.

**രാജു മാത്യു**
**ഇലഞ്ഞി**

## ജനാധിപത്യത്തെ കൊള്ളയടിക്കുന്നവർ

ഡോ. കുര്യാസ് കുമ്പളക്കുഴിയുടെ സ്വാതന്ത്ര്യദിനചിന്തകൾ (നാളം 23) കാലോചിതമായിരുന്നു. നാമിന്നനുഭവിക്കുന്ന സ്വാതന്ത്ര്യം ഒട്ടേറെ ധീരദേശാഭിമാനികൾ തങ്ങളുടെ ജീവൻ ബലിദാനമായി നല്കി നേടിയതാണെന്ന കാര്യം എത്രപേർ ഓർക്കുന്നു? ഓരോ സ്വാതന്ത്ര്യദിനത്തിലും ഇങ്ങനെ ചില ലേഖനങ്ങളിലും അനുസ്മരണയോഗങ്ങളിലുമായി അവർ ഒതുങ്ങിപ്പോവുകയാണ്.

ഇന്ത്യയെന്ന വികാരംതന്നെ ഇന്ന് എത്രപേർക്കുണ്ടെന്നു സംശയിക്കണം; പ്രത്യേകിച്ച്, നമ്മുടെ പുതിയ തലമുറയിലെ യുവതീയുവാക്കൾക്ക്. വിവിധ ഭാഷകളും സംസ്കാരങ്ങളും മതങ്ങളും പേറുന്ന ഒരു ജനതയെ ഇന്ത്യയെന്ന ഒറ്റവികാരമാണ് ഇത്രനാളും ഒന്നിപ്പിച്ചിരുന്നത്. 'നാനാത്വത്തിൽ ഏകത്വ'മെന്ന മഹത്തായ പൈതൃകത്തെ നാം വാഴ്ത്തിപ്പാടിയിരുന്നു. ഇന്നു ഭാഷയുടെയും മതത്തിന്റെയും സംസ്കാരത്തിന്റെയും പേരിൽ ജനത്തെ വിഭജിച്ചു ഭരിക്കാനും അതിലൂടെ തങ്ങളുടെ അധികാരമുറപ്പിക്കാനും ലാക്കുനോക്കുന്ന കള്ളക്കൂട്ടങ്ങളായി നമ്മുടെ നേതാക്കൾ അധഃപതിച്ചിരിക്കുന്നു.

**തോമസ് സെബാസ്റ്റ്യൻ**
**തൃശൂർ**

## സുഖദം ഈ കിഴക്കൻകാറ്റ്

ഇഗ്നേഷ്യസ് കലയന്താനിയുടെ നോവൽ 'കിഴക്കൻകാറ്റ്' ഏറെ താത്പര്യപൂർവം വായിക്കുന്നു. കഥ പറയുന്ന കാലഘട്ടം അല്പം പിന്നിലാണെങ്കിലും കഥയും കഥാപാത്രങ്ങളും വായനക്കാരുടെ ഹൃദയവികാരങ്ങളെ തൊട്ടുണർത്താൻപോന്നവതന്നെ. സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കാതെ, മാനുഷികമൂല്യങ്ങൾക്കു വില കല്പിച്ചുകൊണ്ട് ഇഗ്നേഷ്യസ് സൃഷ്ടിക്കുന്ന കഥാലോകം ഏറെ ആസ്വാദ്യമാണ്.

ജനകീയവായനയെ തൃപ്തിപ്പെടുത്തുന്ന എല്ലാ ചേരുവകളും ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. ഒരു ഗ്രാമീണസൗന്ദര്യം നോവലിനെ പൊതിഞ്ഞുനിൽക്കുന്നു.കിഴക്കൻകാറ്റിൽ ഇനി എന്താണു സംഭവിക്കാൻ പോകുന്നത്? വായനക്കാർ കാത്തിരിക്കുന്നു.

**ക്രിസ്റ്റി തോമസ്**
**തീക്കോയി**

## ഹൃദ്യമായ രചനകൾ

ഫാ. തോമസ് പാട്ടത്തിൽചിറയുടെ ലേഖനങ്ങൾ പതിവായി വായിക്കുന്നു. ഏറെ ഹൃദ്യവും വിജ്ഞാനപ്രദവുമായ അദ്ദേഹത്തിന്റെ 'കുടുംബവിളക്ക്' എന്ന പംക്തി രചനാസൗഷ്ഠവംകൊണ്ട് ഉന്നതനിലവാരം പുലർത്തുന്നു. സാധാരണകേൾവിയിൽ അപ്രസക്തമെന്നു തോന്നുന്ന വിഷയങ്ങളെ സസൂക്ഷ്മം അപഗ്രഥിച്ച് അതിന്റെ അകപ്പൊരുൾ കാട്ടിത്തരുന്ന അച്ചന്റെ കരവിരുത് അഭിനന്ദനീയമാണ്.

ഓഗസ്റ്റ് 15 ലക്കത്തിൽ 'സ്വർഗം സമ്മാനിച്ച സ്വാതന്ത്ര്യം' എന്ന തലക്കെട്ടിൽ പരിശുദ്ധമാതാവിനെക്കുറിച്ച് ഫാദർ എഴുതിയ ലേഖനവും ഏറെ ഹൃദ്യമായി. ഭൗതികസ്വാതന്ത്ര്യം നേടിയെന്നു നാം അവകാശപ്പെടുന്നുണ്ടെങ്കിലും, പല നിലയിലും നാം ബന്ധനത്തിലാണെന്നതാണു വാസ്തവം. എന്നാൽ, ഭൗമികമായ എല്ലാ ബന്ധനങ്ങളിൽനിന്നും മുക്തിനേടി ജീവിതയാനത്തിന്റെ ചുക്കാൻ ദൈവാത്മാവിന്റെ കരങ്ങളിൽ കൊടുക്കുമ്പോഴും, അവനിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള നാനാവിധ നൈപുണ്യങ്ങളെ പരിപോഷിപ്പിച്ച് പൂർണതപ്രാപിക്കുമ്പോഴുമാണ് പരമാർഥത്തിൽ നാം സ്വതന്ത്രരാകുന്നതെന്ന അച്ചന്റെ നിരീക്ഷണം അർഥവത്താണ്.

**മാത്യു ജോസഫ്,**
**കടുത്തുരുത്തി**

# അരുതുകളെ ഒഴിവാക്കിക്കൂടേ?



ഡോ. ജസ്റ്റിൻ തോമസ്

അമിതവേഗത്തിൽ ബൈക്കോടിച്ച് അപകടത്തിൽപ്പെട്ടു മരിച്ച പത്തൊമ്പതുകാരന്റെ അമ്മയും അപ്പനും എന്നെ കാണാൻ വന്നു. അമ്മയുടെ ദുഃഖം രണ്ടായിരുന്നു. ഒന്ന്: മരിച്ച സ്വന്തം കുഞ്ഞിനെയോർത്ത്. രണ്ട്: മകനോട് ഒടുങ്ങാത്ത കലിയുള്ള പിതാവിനെ അഥവാ അവരുടെ ഭർത്താവിനെയോർത്ത്.

“ഞാനല്ല അവന് ആ ബൈക്കു മേടിച്ചുകൊടുത്തത്. ഞാൻ കൊടുക്കില്ല എന്നു പറഞ്ഞപ്പോൾ എന്റെ ജ്യേഷ്ഠനെ സോപ്പിട്ട് അവൻ വാങ്ങിയതാ. എനിക്ക് ആണായിട്ടും പെണ്ണായിട്ടും ഒരുത്തനേ ഉണ്ടായിരുന്നുള്ളൂ. അവന്റെ അമ്മയ്ക്കും എന്റെ വാക്കു കേൾക്കാൻ താത്പര്യമില്ലായിരുന്നു. അനുസരണയില്ലാത്ത ഒരു മകനായിപ്പോയല്ലോ അവൻ.” ക്രോധത്തോടെ ആ പിതാവ് വിങ്ങിപ്പൊട്ടി കൗൺസലിങ് റൂമിൽനിന്ന് ഇറങ്ങിപ്പോയി. നെഞ്ചുരുകിക്കരയുന്ന ആ അമ്മയോടു ഞാൻ ചോദിച്ചു: “ആരു പറഞ്ഞു നിങ്ങളുടെ ഭർത്താവിന് മോനോട് ഒടുങ്ങാത്ത കലിയാണ് എന്ന്? ആ മനുഷ്യനു കലിയല്ല; മറിച്ച്, തന്റെ വാക്കു കേൾക്കാത്ത മകൻ ചെയ്ത പ്രവൃത്തിയെക്കുറിച്ചും അതിന്റെ ഫലമായി അവനെ നഷ്ടപ്പെട്ടതിനെക്കുറിച്ചുമുള്ള പറഞ്ഞറിയിക്കാൻ പറ്റാത്ത ദുഃഖമാണ്.”

ജീവിച്ചിരിക്കുമ്പോൾ മക്കൾ നഷ്ടമാകുന്ന മാതാപിതാക്കളുടെ ദുഃഖം ഒരു കൗൺസലർ എന്ന നിലയിൽ ഞാൻ ഒത്തിരി കണ്ടിട്ടുണ്ട്. അവരുടെ ഉള്ളു തണുപ്പിക്കുക അത്ര എളുപ്പമല്ല. എത്ര സംസാരിച്ചാലും നല്ല വാക്കുകൾ പറഞ്ഞാലും ചില ദുഃഖങ്ങൾ മാറില്ല. മകന്റെ വേർപാടുമായി ബന്ധപ്പെട്ട് അവരുടെ ഉള്ളിലുണ്ടായിരുന്ന പഞ്ചേന്ദ്രിയാനുഭവങ്ങളെ തെറാപ്പികളിലൂടെ എടുത്തുകളയുകയോ, അവയുടെ പ്രഭാവം കുറയ്ക്കുകയോ ചെയ്യുന്ന പ്രക്രിയയാണ് (Submodalities Desensitization) ഞാനവരിൽ ചെയ്തത്. ഒന്നരമണിക്കൂർ സെഷൻ കഴിഞ്ഞ് അവർ ഇറങ്ങുമ്പോൾ മകനെ സ്നേഹിച്ചിരുന്ന അപ്പൻ ഇങ്ങനെ പറഞ്ഞു: “അവനൊരു മാലാഖയായി ഞങ്ങൾക്കുവേണ്ടി സ്വർഗത്തിലിരുന്നു പ്രാർഥിക്കും.”

മക്കൾ എന്തുകൊണ്ട് മാതാപിതാക്കളെ ധിക്കരിക്കുന്നു?

ഗർഭാവസ്ഥമുതൽ അനുസരണത്തിന്റെ പാഠങ്ങൾ കുട്ടി പഠിക്കുന്നു. ഗർഭാവസ്ഥയിലുള്ള ഒരു കുട്ടി അമ്മയുടെ വികാരവിചാരങ്ങൾ മനസ്സിലാക്കുന്നു. അതിനനുസരിച്ചു പ്രതികരിക്കുന്നു. അമ്മയ്ക്കു തന്റെ മാതാപിതാക്കളെ അനുസരിക്കുന്ന ശീലമുണ്ടെങ്കിൽ അതു കുട്ടിയിലേക്കു കൈമാറ്റം ചെയ്യപ്പെടും. ഭർത്താവിനെ അനുസരിക്കുന്ന ഭാര്യയും ഭാര്യയെ അനുസരിക്കുന്ന ഭർത്താവും അപ്പനും അമ്മയും എന്ന നിലയിൽ കുട്ടിക്ക് എന്നും മാതൃകയായിരിക്കും. അനുസരണശീലമില്ലാത്ത കുട്ടികളുടെ, യുവാക്കളുടെ വീടുകളിൽ പരസ്പരം അനുസരിക്കാത്ത മാതാപിതാക്കളെ സാധാരണരീതിയിൽ കാണാൻ കഴിയും. ഇത്തരം വീടുകളിലെ മാതാപിതാക്കൾ പരസ്പരം അനുസരിക്കാത്തത് അഹന്ത, പരസ്പരബഹുമാനമില്ലായ്മ, അനുസരിച്ചാൽ താൻ ചെറുതായിപ്പോകുമെന്ന ധാരണ, അനുസരിച്ചു ശീലമില്ലായ്മ, താൻ ചിന്തിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതുംമാത്രമാണ് ശരിയെന്ന വിശ്വാസമുള്ള പങ്കാളി, അനുസരിക്കേണ്ടതും അല്ലാത്തതുമായ കാര്യങ്ങളെ വിവേചിച്ചറിയാനുള്ള സാമാന്യബോധത്തിന്റെ കുറവ്, ചില മാനസികരോഗങ്ങൾ തുടങ്ങിയവയൊക്കെ അനുസരണക്കേടിലേക്കു നയിക്കാം. ഇതൊക്കെ കുട്ടികൾ നിരീക്ഷിക്കുന്നുണ്ടെന്നു മാതാപിതാക്കൾ അറിയണം. മാതാപിതാക്കൾ എന്തു പറഞ്ഞാലും ചെയ്താലും മക്കൾ അതേപോലെ കോപ്പി ചെയ്യും.

നാം സർവസാധാരണമായി കേൾക്കുന്ന കാര്യമാണ് അരുതുകൾ ഒഴിവാക്കണം എന്നത്. കുട്ടികളായാലും മുതിർന്നവരായാലും ‘ചെയ്യരുത്’ എന്നു പറയുന്ന കാര്യം ചെയ്യാനാണു പ്രേരണ. ഒരു വ്യക്തിയോട് ഗ്ലാസ് താഴെ ഇടരുത് എന്നു പറയുമ്പോൾ അയാൾ മനസ്സിൽ കാണുന്ന ചിത്രം ഗ്ലാസ് താഴെ വീണു പൊട്ടുന്നതായിരിക്കും. ഈ ചിന്ത ഗ്ലാസ് താഴെ വീഴാൻ കാരണമാകും. മനസ്സിൽ സൃഷ്ടിക്കപ്പെടുന്ന ചിത്രങ്ങൾ പ്രാവർത്തികമാക്കാൻ ശരീരം ശ്രമിക്കും. എന്നാൽ, ഗ്ലാസ് മുറുകെപ്പിടിക്കണം എന്നു പറഞ്ഞാൽ വ്യക്തി കാണുന്ന ചിത്രം ഗ്ലാസ് മുറുകെപ്പിടിച്ചിരിക്കുന്നതായിരിക്കും. ഇത് ആദ്യത്തേതിന്റെ നേരേ വിപരീതമായ നല്ല ഫലമുണ്ടാക്കും. ചുരുക്കത്തിൽ, നാം മറ്റുള്ളവരോടു സംസാരിക്കുമ്പോൾ അവർ എന്താണോ ചെയ്യേണ്ടത് അതു നാം പറയണം. ഇതിലേക്കായി ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

- ഇന്ന് അവിടെ പോകേണ്ടാ ✗
- മറ്റൊരു ദിവസം അവിടെ പോകാം. ✓
- ബൈക്ക് മേടിക്കണ്ടാ ✗
- ബൈക്ക് മേടിക്കുന്നതിനെക്കുറിച്ചു പിന്നീട് ചിന്തിക്കാം. ✓
- റ്റി.വി. കാണേണ്ടാ ✗
- ഇപ്പോൾ ഇരുന്നു പഠിക്ക് ✓
- സിനിമയ്ക്കു പോകേണ്ട ✗
- മറ്റൊരു ദിവസം നമുക്ക് സിനിമയ്ക്കു പോകാം. ✓
- നീ പഠിക്കാത്തതുകൊണ്ടാണ് പരീക്ഷയ്ക്കു തോറ്റുപോകുന്നത്. ✗
- നീ നന്നായി പഠിച്ചാൽ പരീക്ഷയ്ക്കു നല്ല മാർക്ക് കിട്ടും. ✓
- നിങ്ങൾ ഒന്നിനും കൊള്ളാത്തവനാണ്. ✗
- ഒത്തിരി കഴിവുകളുള്ള വ്യക്തിയാണ് നിങ്ങൾ. ✓

**അനുസരണശീലം അളക്കാം**

താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ വായിച്ച് നമുക്കേവർക്കും അനുസരണശീലം അളക്കാം.

1. എന്റെ പ്രിയപ്പെട്ടവർ ഏതെങ്കിലും ഒരു കാര്യം പറയുമ്പോൾ ഞാനതിനെ വിമർശനബുദ്ധ്യാ വിലയിരുത്താറില്ല.

ശരി/ തെറ്റ്

2. എനിക്കടുപ്പമുള്ളവർ ഒരു കാര്യം ചെയ്യേണ്ടായെന്നു പറയുമ്പോൾ എനിക്കതു ചെയ്യാതിരിക്കാനാണ് കൂടുതൽ ഇഷ്ടം.

ശരി/ തെറ്റ്

3. മറ്റുള്ളവരെ അനുസരിക്കുന്നതും അവരുടെ ആശയങ്ങൾ സ്വീകരിക്കുന്നതും എന്റെ കഴിവായാണ് ഞാൻ കാണാറുള്ളത്.

ശരി/ തെറ്റ്

4. മറ്റുള്ളവർ ആത്മാർഥതയോടെ കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ ആയതിനെ നീരസത്തോടെ എതിർക്കുന്ന സ്വഭാവം എനിക്കില്ല.

ശരി/ തെറ്റ്

5. മുതിർന്നവർ പറയുന്നതു നല്ല കാര്യങ്ങളാണെങ്കിൽ അത് അനുസരിക്കണമെന്ന് മക്കളോട്/ കുട്ടികളോട് പറയാറുണ്ട്.

ശരി/ തെറ്റ്

6. ഞാൻ എല്ലായ്പ്പോഴും ശരിയാണ് എന്ന് ഒരിക്കലും ചിന്തിക്കാറില്ല.

ശരി/ തെറ്റ്

7. തെറ്റുപറ്റി എന്ന തോന്നൽ ഉണ്ടായാൽ അതു തിരുത്താനും മാപ്പുചോദിക്കാനും എനിക്കു കഴിയാറുണ്ട്.

ശരി/ തെറ്റ്

8. മറ്റുള്ളവരുടെ വിമർശനങ്ങൾ ക്രിയാത്മകമാണെങ്കിൽ അതു ഞാൻ ശ്രദ്ധയോടെ ശാന്തമായി കേൾക്കുകയും കൂടുതൽ വ്യക്തതയ്ക്കായി ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യാറുണ്ട്.

ശരി/ തെറ്റ്

9. വിധേയപ്പെടുക, ബഹുമാനിക്കുക, അധികപ്രസംഗം നടത്താതിരിക്കുക, അഹന്ത ഒഴിവാക്കുക, എല്ലാം അറിയാമെന്ന ഭാവം തുടച്ചുമാറ്റുക എന്നീ മൂല്യങ്ങൾ അവശ്യസമയങ്ങളിൽ ഞാൻ പ്രാവർത്തികമാക്കാറുണ്ട്.

ശരി/ തെറ്റ്



മേൽസൂചിപ്പിച്ച പത്തു പ്രസ്താവനകളും നമ്മുടെ ജീവിതത്തിൽ മൂല്യങ്ങളായി തെളിഞ്ഞുനിൽക്കേണ്ടവതന്നെയാണ്. മദ്യപനായ ഭർത്താവിന്റെ അടുത്തു ഭാര്യയും ക്ഷിപ്രകോപിയായ ഭാര്യയുടെ അടുത്തു ഭർത്താവും ക്രൂരരായ മാതാപിതാക്കളുടെ അടുത്തു മക്കളും ഇത്തരം മൂല്യങ്ങൾ പ്രാവർത്തികമാക്കി വിജയിച്ച അനേകം സംഭവങ്ങൾ എന്റെ കൗൺസലിങ് ജീവിതത്തിലുണ്ട്. എന്നാൽ, ഈ മൂല്യങ്ങൾ ഒരിക്കലും മറ്റൊരാളെ മുതലാക്കുന്നതിനുവേണ്ടി ആരുടെയും തലയിൽ അടിച്ചേല്പിക്കാൻ പാടില്ല. അനുസരണം ഒരു കലയാണ്.

# 2025 ഹരിതശീലം വർഷം: കെസിബിസി

കൊച്ചി: കേരള കത്തോലിക്കാസഭയിൽ 2025 ഹരിതശീലം വർഷമായി ആചരിക്കുമെന്ന് കേരള കത്തോലിക്കാ മെത്രാൻസമിതി. ‘ലൗദാത്തോ സി’ ചാക്രികലേഖനത്തിന്റെ പത്താം വാർഷികാഘോഷത്തിന്റെയും ആഗോളസഭയുടെ മഹാജൂബിലിയോടനുബന്ധിച്ചുള്ള കേരളസഭാനവീകരണത്തിന്റെയും ഭാഗമായാണു വർഷാചരണം.

സംസ്ഥാന, രൂപത, ഇടവകതലങ്ങളിലും സഭാസ്ഥാപനങ്ങളിലും കുടുംബങ്ങളിലും പരിശീലനപ്രയത്നങ്ങൾ ശക്തിപ്പെടുത്തണമെന്ന് കെസിബിസി സമ്മേളനം ആഹ്വാനം ചെയ്തു. 2024 ഓഗസ്റ്റ് - ഡിസംബർ മാസങ്ങളിൽ റീജണൽ, രൂപത തലങ്ങളിൽ ഇടവകകളും സ്ഥാപനങ്ങളും കാർബൺ ന്യൂട്രൽ പദവിയിലേക്കു മാറുന്നതിനാവശ്യമായ ബോധവത്കരണപരിപാടികളും പരിശീലനങ്ങളും നടത്തും. 2025 ജനുവരിമുതൽ 2026 ഡിസംബർവരെയുള്ള കാലയളവിൽ പദ്ധതി പൂർണമായും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഐക്യരാഷ്ട്രസംഘടനയുടെ പരിസ്ഥിതിസംരക്ഷണശീലനിർദേശങ്ങൾക്കും ശുദ്ധ ഊർജത്തിലേക്കു മാറാനുള്ള സി.ഒ.പി. ഉച്ചകോടിയുടെ ആഹ്വാനത്തിനുമൊപ്പം, ഫ്രാൻസിസ് മാർപാപ്പയും കാർബൺ ബഹിർഗമനം പരമാവധി കുറയ്ക്കുന്നതിനുതകുന്ന ജീവിതരീതി പിന്തുടരാൻ ഓർമിപ്പിക്കുന്നുണ്ട്. കാലാവസ്ഥാവ്യതിയാനത്തിന്റെ ഭവിഷ്യത്തുകൾ, ആരോഗ്യപരിപാലനം, ജീവനോപാധികൾ, വരുമാനമാർഗങ്ങൾ കാർഷികപ്രവർത്തനങ്ങൾ, ജലവിഭവം തുടങ്ങിയ മേഖലകളെയെല്ലാം അതീവഗൗരവമായി ബാധിക്കും. ഇതു നിർബന്ധിത പലായനത്തിനുപോലും കാരണമാകുമെന്നും മുന്നറിയിപ്പുണ്ട്. കാലാവസ്ഥാവ്യതിയാനത്തിന്റെ ദുരന്തഫലം നമ്മുടെ നാട്ടിൽപോലും പ്രകടമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് കേരളസഭ കാർബൺ ന്യൂട്രലിനുള്ള ആഹ്വാനം നൽകിയിട്ടുള്ളതെന്ന് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പള്ളി അറിയിച്ചു.

## ഹരിതശീലം വർഷത്തിലെ ലക്ഷ്യം

- 2025 ജനുവരി മുതൽ 2026 ഡിസംബർ വരെയുള്ള രണ്ടു വർഷത്തിനുള്ളിൽ കേരളത്തിലെ മുഴുവൻ രൂപതകളെയും ഇടവകകളെയും സ്ഥാപനങ്ങളെയും ഹരിതചട്ടങ്ങൾ പാലിക്കുന്ന കാർബൺ ന്യൂട്രൽ സംവിധാനങ്ങളായി രൂപാന്തരപ്പെടുത്തുക.
- ഇടവകകളും സ്ഥാപനങ്ങളും ഗ്രീൻ ഓഡിറ്റ് നടത്തുകയും ഹരിതചട്ടപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.
- എല്ലാ കത്തോലിക്കാസ്ഥാപനങ്ങളും ഇടവകകളും ആഗോളസഭയുടെ പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സംവിധാനമായ ‘ലൗദാത്തോ സി ആക്ഷൻ പ്ലാറ്റ്ഫോമിൽ’ അംഗമാകുകയും തുടർപ്രവർത്തനങ്ങളുടെ ഭാഗമാകുകയും ചെയ്യുക.

# ബംഗ്ലാദേശിലെ രാഷ്ട്രീയമാറ്റം ഇന്ത്യയുടെ ഉറക്കം കെടുത്തുമോ?





1-ാം പേജ് തുടർച്ച

2014 മുതൽ 2024 വരെയുള്ള തിരഞ്ഞെടുപ്പുകളിൽ കൃത്രിമം കാണിച്ചാണ് ഹസീന അധികാരത്തിൽ തുടർന്നതെന്നാണ് മറ്റൊരു ആരോപണം. 2024 ൽ നടന്ന അവസാനതിരഞ്ഞെടുപ്പിൽ സുതാര്യതയില്ലായ്മ ആരോപിച്ച് പ്രതിപക്ഷപ്പാർട്ടികൾ തിരഞ്ഞെടുപ്പു ബഹിഷ്കരിക്കുകയുണ്ടായി. ആകെയുള്ള 300 സീറ്റുകളിൽ 224 എണ്ണവും നേടി അവാമി ലീഗ് അധികാരത്തിലെത്തി. വിജയിച്ച 62 സ്വതന്ത്രർ പ്രതിപക്ഷമായി തുടരുന്നെങ്കിലും അവർ അവാമി ലീഗിന്റെ ആളുകൾ തന്നെയെന്ന ആരോപണം നിലനിൽക്കുന്നു. ഇതിനുംപുറമേ, പൊലീസിനും പട്ടാളത്തിനുമൊപ്പം അവാമി ലീഗ് പ്രവർത്തകർ പ്രക്ഷോഭകരെ തെരുവിൽ നേരിടുന്നതും പ്രശ്നമായി മാറി.

**പ്രക്ഷോഭത്തിന്റെ ഉദ്ദേശ്യശുദ്ധി**

2018 ൽ നടന്ന സംവരണവിരുദ്ധ പ്രക്ഷോഭത്തെത്തുടർന്ന് ഷെയ്ക്ക് ഹസീന സർക്കാർ നിരവധി സംവരണാനുകൂല്യങ്ങൾ റദ്ദു ചെയ്തിരുന്നു. എന്നാൽ, സ്വാതന്ത്ര്യസമരപോരാളികൾ ഹൈക്കോടതിയിൽനിന്നു സംവരണം പുനഃസ്ഥാപിക്കാനുള്ള വിധി നേടിയെടുത്തു. വീണ്ടും ആരംഭിച്ച പ്രക്ഷോഭത്തെത്തുടർന്ന് സർക്കാർ അപ്പീൽ പോവുകയും ആകെ സംവരണം 56 ശതമാനത്തിൽനിന്നു വെറും ഏഴു ശതമാനമാക്കി കുറയ്ക്കുകയും ചെയ്തു. സർക്കാർ പ്രക്ഷോഭകർക്കനുകൂലമായ നിലപാടെടുത്തിട്ടും പ്രക്ഷോഭം കത്തിപ്പടർന്നതാണ് അതിന്റെ ഉദ്ദേശ്യശുദ്ധിയെ സംശയത്തിന്റെ നിഴലിലാക്കുന്നത്. പ്രക്ഷോഭകരുടെ ആവശ്യപ്രകാരം പ്രധാനമന്ത്രി രാജ്യം തന്നെ വിട്ടുപോയിട്ടും കലാപം അടങ്ങിയില്ല. ഷേക്ക് ഹസീന രാജ്യം വിട്ടതിനുശേഷംമാത്രം കൊല്ലപ്പെട്ടത് 230 പേരാണ് എന്നു ചിന്തിക്കുമ്പോഴാണ് പ്രക്ഷോഭത്തിന്റെ ഉദ്ദേശ്യശുദ്ധി ചോദ്യചിഹ്നമാകുന്നത്. ബംഗ്ലാദേശിലെ ന്യൂനപക്ഷമായ, ഒമ്പതുശതമാനംമാത്രമുള്ള ഹിന്ദുക്കളും മറ്റു മതസ്ഥരും ഇസ്ലാമിക പ്രക്ഷോഭകരാൽ ആക്രമിക്കപ്പെടുകയാണ്. നിരവധി ഹൈന്ദവ ക്ഷേത്രങ്ങളാണു തകർക്കപ്പെട്ടത്. ഹിന്ദു അവാമി ലീഗ് നേതാവ് ഭരതൻ റോയിയെയും അനന്തരവനെയും തെരുവിൽ പട്ടിയെപ്പോലെ തല്ലിക്കൊന്നു. ക്രിസ്ത്യാനികളുടെ അവസ്ഥയും വ്യത്യസ്തമല്ല. ജനസംഖ്യയിൽ വെറും 0.30 ശതമാനംമാത്രം വരുന്ന ക്രിസ്ത്യാനികൾ തെരുവിൽ വേട്ടയാടപ്പെടുകയാണ്. മതത്തിന്റെ അടിസ്ഥാനത്തിലല്ല സംവരണം എന്നിരിക്കേ, സംവരണകലാപത്തിൽ അന്യമതസ്ഥരെ കൊല്ലുകയും അവരുടെ ആരാധനാലയങ്ങൾ നശിപ്പിക്കുകയും ചെയ്യുന്നത് എന്തിനാണ് എന്നൊരു ചോദ്യം ബാക്കിനിൽക്കുന്നു.

**ജമാ അത്തെ ഇസ്ലാമി**

സ്വാതന്ത്ര്യസമരസേനാനികൾക്കല്ലാതെ പിന്നെ റസാക്കരുടെ കൊച്ചുമക്കൾക്കാണോ സംവരണം നൽകേണ്ടതെന്ന ചോദ്യമാണ് ജമാ അത്തെ ഇസ്ലാമിയെ ചൊടിപ്പിച്ചത്. ആരെയാണ് 'റസാക്കർമാർ' എന്ന് ഹസീന വിശേഷിപ്പിച്ചത്? ബംഗ്ലാദേശ് സ്വാതന്ത്ര്യസമരകാലത്ത് രക്തദാഹികളും ക്രൂരന്മാരുമായ പാക് കൂലിപ്പട്ടാളത്തിനൊപ്പം നിന്ന് സ്വന്തം ജനത്തിനെതിരേ യുദ്ധം ചെയ്ത് അവരെ കൊന്നുതള്ളുകയും ഹിന്ദു ന്യൂനപക്ഷവംശഹത്യ നടത്തുകയും ചെയ്ത ജമാ അത്തെ ഇസ്ലാമി പ്രവർത്തകരെയാണ് 'റസാക്കർമാർ' എന്നു വിശേഷിപ്പിക്കുന്നത്. ന്യൂനപക്ഷങ്ങൾക്ക് ഇടമില്ലാത്ത ഒരു ഇസ്ലാമികരാഷ്ട്രമാണ് ജമാ അത്തെ ഇസ്ലാമിയുടെ സ്വപ്നം.

എന്നാൽ, തന്റെ തിരഞ്ഞെടുപ്പുവാഗ്ദാനമനുസരിച്ച് ഷെയ്ക്ക് ഹസീന 2009 ൽ സ്ഥാപിച്ച ഇന്റർനാഷണൽ ക്രൈം ട്രിബ്യൂണൽ 1971 ലെ യുദ്ധക്കുറ്റവാളികളെ വിചാരണ ചെയ്തു ശിക്ഷ വിധിച്ചുതുടങ്ങി. 2013 – 15 കാലഘട്ടത്തിൽ നിരവധി ജമാ അത്തെ ഇസ്ലാമിപ്രവർത്തകരെ തൂക്കിലേറ്റുകയുണ്ടായി. ഈ കാലഘട്ടത്തിൽത്തന്നെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് കോടതി ജമാ അത്തെ ഇസ്ലാമിയെ വിലക്കുകയും 2018 ൽ തിരഞ്ഞെടുപ്പുകമ്മീഷൻ അവരുടെ രജിസ്ട്രേഷൻ റദ്ദാക്കുകയും ചെയ്തു. 2024 ൽ അവരുടെ വിദ്യാർഥിപ്രസ്ഥാനത്തെയും വിലക്കാൻ ബംഗ്ലാദേശ് സർക്കാർ തീരുമാനമെടുത്തു. ഇതെല്ലാം, ഷെയ്ക്ക് ഹസീനയോടുള്ള ജമാ അത്തെ ഇസ്ലാമിയുടെ വൈരം കൂട്ടുന്നതിനിടയാക്കി.

**അമേരിക്ക – പാക് താത്പര്യങ്ങൾ**

നിത്യശത്രുവായ ഇന്ത്യയ്ക്കെതിരേ ബംഗ്ലാമണ്ണിൽ തീവ്രവാദത്തെ വളർത്താൻ വേണ്ടതെല്ലാം പാക്കിസ്ഥാൻ ചെയ്തുകൊടുക്കുന്നു. പണവും ആയുധങ്ങളും ഐഎസ്ഐ വഴി നിർലോപം നൽകിവരുന്നു. അമേരിക്കയ്ക്കാവട്ടെ, ഇവിടെ ഏറെ താത്പര്യങ്ങളുണ്ട്. ബംഗ്ലാദേശ് തിരഞ്ഞെടുപ്പിൽ സുതാര്യത വേണമെന്ന് ഔദ്യോഗികപ്രസ്താവനയിൽ ആവശ്യപ്പെട്ട അവർ തിരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമിക്കുന്നവർക്കു വിസ നൽകില്ല എന്നു പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പ് സുതാര്യമായിരുന്നില്ല എന്ന് അവാമി ലീഗിന്റെ വിജയശേഷം അവർ പറയുകയുണ്ടായി. മറ്റൊരു രാജ്യത്തെ തിരഞ്ഞെടുപ്പിൽ അമേരിക്കയുടെ ഇടപെടലിനെ സൂചിപ്പിക്കുന്നതാണ് ഇതെല്ലാം.

പാക് ജമാ അത്തെ ഇസ്ലാമിക്കു ഫണ്ട് നൽകുന്ന യുഎസ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റ് (USAID) തന്നെയാണ് ബംഗ്ലാദേശിലെ പ്രക്ഷോഭത്തിനു പിന്നിലെന്ന് ആരോപണമുണ്ട്. ബംഗ്ലാദേശിലെ ബിൽഡിങ് റിസോഴ്സസ് എക്രോസ് കമ്മ്യൂണിറ്റി (BRAC) യുമായി സംയുക്തപദ്ധതികൾ ഇവർ നടപ്പാക്കിവരുന്നു. ഇപ്പോഴത്തെ പ്രക്ഷോഭത്തിന്റെ പ്രഭവകേന്ദ്രം ബംഗ്ലാദേശിലെ ബി.ആർ.എ.സി. കാമ്പസ് ആയിരുന്നുവെന്നത് ഇവിടെ കൂട്ടിവായിക്കണം. ബംഗ്ലാദേശിലോ സെന്റ് മാർട്ടിൻസ് ദ്വീപിലോ ഒരു സൈനികതാവളം വർഷങ്ങളായി അമേരിക്കയുടെ ആഗ്രഹമാണ്. ഇന്ത്യയെയും ചൈനയെയും അനായാസം തങ്ങളുടെ ആയുധപരിധിയിലാക്കാമെന്നതും ബംഗാൾ ഉൾക്കടലിൽ സ്വാധീനം ഉറപ്പിക്കാമെന്നതുമാണ് അവരുടെ ലക്ഷ്യം. സെന്റ് മാർട്ടിൻസ് ദ്വീപ് അമേരിക്കയ്ക്കു വിട്ടുനൽകാത്തതിന്റെ പ്രതികാരമാണ് ഈ പ്രക്ഷോഭമെന്ന ഹസീനയുടെ വാക്കുകൾ ഇപ്പോൾ അമേരിക്കയിൽ താമസിക്കുന്ന അവരുടെ മകൻ നിഷേധിച്ചിട്ടുണ്ട്. എങ്കിലും, ഇതേ കാര്യങ്ങൾ 2024 മേയ് മാസത്തിലും ഹസീന പറഞ്ഞിട്ടുള്ളതാണ്. അൽ ഖയ്ദയെയും താലിബാനെയും പാലൂട്ടി വളർത്തി തിരിച്ചു കടികിട്ടിയതു മറന്നുകൊണ്ടാണ് അമേരിക്ക ഇപ്പോൾ ചില സ്വാർഥതാത്പര്യങ്ങൾക്കായി ജമാ അത്തെ ഇസ്ലാമിയെ സഹായിക്കുന്നത്. അതിന്റെ ഫലം കാത്തിരുന്നുതന്നെ കാണണം.

**ഹസീനയുടെ പതനം ഭീകരതയ്ക്കു നേട്ടം**

ഒരു മതേതരദേശീയവാദി എന്ന നിലയിലുള്ള പിതാവ് മുജീബുർ റഹ്മാന്റെ പാരമ്പര്യം അണുവിട വ്യതിചലിക്കാതെ പിന്തുടർന്ന ഷെയ്ക്ക് ഹസീന ഇസ്ലാമിക തീവ്രവാദത്തിനെതിരേ ഒരു ശക്തിദുർഗമായിരുന്നു. മതരാഷ്ട്രത്തിൽനിന്നു വേറിട്ടൊരു മൂല്യബോധത്തിലേക്കു രാജ്യത്തെ നയിക്കുകയായിരുന്നു അവർ. ഇസ്ലാമികതീവ്രവാദ പ്രത്യയശാസ്ത്രത്തെയും പ്രവർത്തനങ്ങളെയും നഖശിഖാന്തം എതിർത്തിരുന്ന അവർ അക്കാര്യത്തിൽ ഉരുക്കുമുഷ്ടി പ്രയോഗിക്കുകതന്നെ ചെയ്തിരുന്നു. ഷെയ്ക്ക് ഹസീനയ്ക്ക് ബംഗ്ലാദേശ് ഭരണത്തിൽ നിർണായക സ്വാധീനമുണ്ടായിരുന്ന 1991–2022 കാലഘട്ടത്തിലാണ് ഏതാണ്ട് സമ്പൂർണ മുസ്ലീംരാഷ്ട്രമായ ഇവിടെ ക്രൈസ്തവരുടെ വളർച്ചയിൽ 43.2 ശതമാനം വർധന രേഖപ്പെടുത്തിയത്! അഞ്ചു ലക്ഷത്തോളം ക്രൈസ്തവരാണ് ഇപ്പോൾ ഇവിടെയുള്ളത്. സമരക്കാർക്കിടയിൽ ജമാ അത്തെ ഇസ്ലാമികളുടെ നുഴഞ്ഞുകയറ്റം ചൂണ്ടിക്കാട്ടിയ ഹസീന പക്ഷേ, അവർ ഒരുക്കിയ കെണിയിൽ വീണതു ദൗർഭാഗ്യകരമായി. ജമാ അത്തെ ഇസ്ലാമിയും ബിഎൻപിയും ചേർന്നൊരു ഭരണമാവും സംഭവിക്കുന്നതെങ്കിൽ ബംഗ്ലാദേശിൽ താലിബാനിസം വേരുപിടിക്കുമെന്നതിൽ തർക്കമില്ല. ഷെയ്ക്ക് ഹസീന ഇംഗ്ലണ്ടിലോ ഫിൻലൻഡിലോ രാഷ്ട്രീയാഭയം തേടുമെന്നു പറയുന്നെങ്കിലും ചർച്ചകൾ വലിയ രീതിയിൽ നടക്കുന്നില്ല. അവർ ബംഗ്ലാദേശിലേക്കു തിരികെപ്പോയേക്കാമെന്ന് മകൻ സാജിദ് വാസിദ് സൂചിപ്പിച്ചു. തിരികെയെത്തിയാൽ കാത്തിരിക്കുന്ന തടവറയിലേക്ക് അവർ സധൈര്യം കാലെടുത്തുവയ്ക്കുമോ? അവാമി ലീഗ് വീണ്ടും ഉയിർത്തെഴുന്നേൽക്കുമോ? കണ്ടറിയണം.

**ഇന്ത്യയുടെ നിലപാട്**

ഇന്ത്യ ഷെയ്ക്ക് ഹസീനയുമായി എന്നും മികച്ച ബന്ധം പുലർത്തിപ്പോന്നു. 2024 ലെ തിരഞ്ഞെടുപ്പിൽ അവരെ അധികാരത്തിലെത്തിച്ചത് ഇന്ത്യയാണെന്നു പരക്കെ ആരോപണമുണ്ട്. രാജ്യത്തിന്റെ വടക്കുകിഴക്കൻ ഭാഗത്ത് ഭീകരവാദഭീഷണി നേരിടുകയെന്നത് നമ്മുടെ ആവശ്യവുമാണ്. ഹസീന കളമൊഴിഞ്ഞതോടെ ആ മേഖലയിൽ ഇസ്ലാമികഭീകരത തഴച്ചുവളർന്നേക്കാമെന്നത് ഇന്ത്യയ്ക്കു ഭീഷണിയാണ്. കടുത്ത അഭയാർഥിപ്രവാഹവും അതിലൂടെയുള്ള നുഴഞ്ഞുകയറ്റവും ഏറെ ശ്രദ്ധിക്കേണ്ട അവസ്ഥയിലാണിപ്പോൾ. വടക്കുകിഴക്കൻ ഇന്ത്യയിലെ ഭീകരവാദപ്രസ്ഥാനങ്ങൾക്കു സുരക്ഷിതതാവളമായി ബംഗ്ലാദേശ് മാറുമോ എന്ന് ഇന്ത്യ ഉറ്റുനോക്കുന്നു.

■

# യഥാർഥമനുഷ്യൻ ഹൃദയത്തിലാണു ജനിക്കുന്നത്

“മാംസത്തിൽനിന്നു ജനിക്കുന്നതു മാംസമാണ്; ആത്മാവിൽനിന്നു ജനിക്കുന്നത് ആത്മാവും” (യോഹ. 3:6).



ഫാ. ജോർജ് മുളങ്ങാട്ടിൽ

ഈ ഭൂമിയിൽ ജീവന്റെ മൂന്നു ലോകങ്ങളാണുള്ളത്: സസ്യജീവൻ, മൃഗജീവൻ, മനുഷ്യജീവൻ. ഈ മൂന്നു ലോകങ്ങളിലും ജീവൻ സമൃദ്ധമാകണം. സസ്യജീവന്റെയും മൃഗജീവന്റെയും സമൃദ്ധി ഉത്പാദനവർധനയാണ്. തെങ്ങിന്റെ സമൃദ്ധി തേങ്ങായുടെ എണ്ണത്തിലും പശുവിന്റെ സമൃദ്ധി പാലിന്റെ അളവിലുമാണ്. മനുഷ്യജീവന്റെ ആത്യന്തികമായ സമൃദ്ധി വിശുദ്ധിയും വിശുദ്ധരായ കുഞ്ഞുങ്ങളുമാണ്.

ജീവന്റെ സമൃദ്ധിക്ക് ഒരു രഹസ്യമുണ്ട്: വിത്തിന്റെ ഒരുക്കം. കൃഷിക്കാവശ്യമായ എല്ലാ ഘടകങ്ങളും ഒത്തുചേർന്നാലും വിത്തൊരുക്കപ്പെടുന്നില്ലെങ്കിൽ ഫലസമൃദ്ധി ലഭിക്കുകയില്ല. ഒരുദാഹരണം ഇതു വ്യക്തമാക്കും. റബർതോട്ടങ്ങളിൽ ധാരാളം പടുകുരുപ്പകളുണ്ട്. അവ പറിച്ചു കുഴിച്ചുവച്ചാരും തോട്ടം പിടിപ്പിക്കാറില്ല. കാരണം, ഒരുക്കം ലഭിക്കാത്ത വിത്തിൽനിന്നുള്ള തൈയിൽനിന്നു തലകുത്തി തപസ്സു ചെയ്താലും ഫലസമൃദ്ധി ലഭിക്കുകയില്ല. മനുഷ്യജീവന്റെ സമൃദ്ധിക്കും വിത്തിന്റെ ഒരുക്കം (വിശുദ്ധീകരണം) അത്യന്താപേക്ഷിതമാണ്.

വിത്തിന്റെ ഒരുക്കം ജീവന്റെ ആദ്യത്തെ രണ്ടു ലോകങ്ങളിലേതിൽനിന്നു തികച്ചും വ്യത്യസ്തമാണ് മനുഷ്യജീവന്റെ ലോകത്തിൽ. സസ്യജീവന്റെയും മൃഗജീവന്റെയും വിത്തിന്റെ ഒരുക്കം വിത്തിൽത്തന്നെയാണ്. എന്നാൽ, മനുഷ്യജീവന്റെ വിത്തിന്റെ ഒരുക്കം വിത്തിന്റെ ഉടമകളുടെ ഹൃദയങ്ങളിലാണ് (അണ്ഡവും ബീജവുമാണ് മനുഷ്യജീവന്റെ വിത്ത്).

ഒരു ശിശുവിന്റെ വിശുദ്ധീകരണം എപ്പോൾ ആരംഭിക്കണമെന്നും എവിടെ ആരംഭിക്കണമെന്നും ജെറമിയയുടെ പുസ്തകത്തിൽ കൃത്യമായി പറയുന്നുണ്ട്. ജെറമിയായോടു ദൈവം പറഞ്ഞു: “മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു,” (ജെറ. 1:4,5). ഒരു കുഞ്ഞ് ഉദരത്തിൽ ജനിക്കുന്നതിനു മുമ്പേ ജന്മം കൊടുക്കുന്നവരുടെ ഹൃദയങ്ങളിൽ ജനിക്കണം (വിശുദ്ധീകരിക്കപ്പെടണം) എന്നത് ഇതിൽനിന്നു വ്യക്തമാണ്.

സ്നാപകയോഹന്നാൻ എലിസബത്തിന്റെ ഉദരത്തിൽ എത്തുന്നതിനുമുമ്പ് സഖറിയായുടെ ഹൃദയത്തിൽ ജനിച്ചിരുന്നു. മാലാഖയുടെ പ്രവചനം അതു വ്യക്തമാക്കുന്നു: “സഖറിയാ, ഭയപ്പെടേണ്ടാ. നിന്റെ പ്രാർഥന കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിൽ നിനക്കൊരു പുത്രൻ ജനിക്കും” (ലൂക്കാ 1:13).

കൃത്യമായിപ്പറഞ്ഞാൽ, മനുഷ്യജീവന്റെ പൂർണവിത്തു ജനിക്കുന്നത് (രൂപം കൊള്ളുന്നത്) അണ്ഡവും ബീജവും സ്ത്രീയുടെ ഉദരത്തിൽ (ഫാലോപ്യൻ ട്യൂബിൽ) ഒന്നുചേരുമ്പോഴാണ്. ഒരു ശിശുവിന്റെ വിശുദ്ധീകരണം അത് ഉദരം വിടുന്നതിനു മുമ്പ് സംഭവിക്കണം. ജെറമിയായോടു ദൈവം പറഞ്ഞതു നാമോർക്കണം: “ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു.” (ജെറ. 1:5).



ചുരുക്കിപ്പറയാം: ഇന്നു ഭൂമിയിൽ 800 കോടിയിലധികം മനുഷ്യർ ജീവിക്കുന്നുണ്ട്. ഇവരെ മൂന്നു ഗണമായി തിരിക്കാം: ഒന്ന്, ഹൃദയത്തിൽ ജനിച്ചവർ (വിശുദ്ധീകരിക്കപ്പെട്ടവർ) രണ്ട്, ഉദരത്തിൽ വിശുദ്ധീകരിക്കപ്പെട്ടവർ. മൂന്ന്, ഉദരം വിടുന്നതുവരെ വിശുദ്ധീകരണം ലഭിക്കാത്തവർ.

ഇവരിൽ ആദ്യത്തെ രണ്ടു ഗണത്തിൽപ്പെട്ടവരിൽ, വിത്തിനു വിശുദ്ധീകരണം ലഭിച്ചവരിൽ, ജീവൻ സമൃദ്ധമാകും. ഇവർ ആത്മാവിൽനിന്നു ജനിച്ചവരാണ്. ഇവർ ദൈവഭയവും ധർമബോധവുമുള്ളവരായിരിക്കും.

മൂന്നാമത്തെ ഗണത്തിൽപ്പെട്ടവർ, വിത്തിന് വിശുദ്ധീകരണം ലഭിക്കാത്തവരാണ്. ഇവരെ നോക്കിക്കൊണ്ടാണ് യേശു പറഞ്ഞത്, മാംസത്തിൽനിന്നു ജനിക്കുന്നതു മാംസമാണ് എന്ന്.

“ഉദരത്തിൽ ജനിക്കുന്നതു മൃഗമാണ്. യഥാർഥമനുഷ്യൻ ജനിക്കുന്നതു ഹൃദയത്തിലാണ്”– സ്വാമി വിവേകാനന്ദൻ.

ക്രൈസ്തവവിശ്വാസജീവിതത്തിന്റെ മുരടിപ്പിനും, ഇന്നു ലോകത്തെ ഗ്രസിച്ചിരിക്കുന്ന എല്ലാ അരക്ഷിതാവസ്ഥകൾക്കും കാരണം മാംസത്തിൽനിന്നുള്ള ജനനമാണ്. മലർവാടിയാകേണ്ട ഈ ഭൂമിയെ മണലാരണ്യമാക്കുന്നതും മറ്റൊന്നല്ല.

“ചെറുകിടാങ്ങൾതൻ കളിയിടം  
മുതൽ  
ജനനേതാക്കൾതൻ മഹാസഭ  
യോളം  
അടിമുടി അരിച്ചു കേറുന്നോ-  
രഴിമതി ചോര കുടിപ്പതും  
നോക്കി.”...

എന്നു സുഗതകുമാരിയെക്കൊണ്ടും,

“മർത്ത്യനു മർത്ത്യനെപ്പോലെ  
യിത്ര  
നിർദയനായോരു ശത്രുവില്ല.  
മർദനവൈഭവമിത്തരത്തിൽ  
ക്രുദ്ധമൃഗങ്ങൾക്കു പോലുമില്ല”

എന്നു ചങ്ങമ്പുഴയെക്കൊണ്ടും പാടിച്ചതും മാംസത്തിൽനിന്നുള്ള ജനനമാണ്.

ഇത്രയും പറഞ്ഞപ്പോൾ ഒരു കാര്യംകൂടി പറയാതെ വയ്യാ. സസ്യലോകത്തിലും മൃഗലോകത്തിലും ഒരുക്കം കാട്ടാത്ത വിത്തിൽനിന്നുള്ള തൈയിൽനിന്നു ഫലസമൃദ്ധി ലഭിക്കുകയില്ല. എന്നാൽ, ഹൃദയത്തിലും ഉദരത്തിലും വിശുദ്ധീകരണം ലഭിക്കാത്തവർക്കും, ഓട്ടോണമസ് സ്റ്റേജിൽ എത്തുമ്പോൾ, സ്വന്തം ബോധ്യത്തിൽനിന്നു കർമം ചെയ്യാൻ കഴിവാർജ്ജിക്കുമ്പോൾ തീവ്രമായി ആഗ്രഹിച്ചു പരിശ്രമിച്ചാൽ ജീവന്റെ സമൃദ്ധി സ്വന്തമാക്കാം. ഈ തിരിച്ചറിവുള്ളതുകൊണ്ടാണ് സഭ പന്ത്രണ്ടു കൊല്ലം വിശ്വാസപരിശീലനം നൽകുന്നത്. സഭയുടെ ഈ തിരിച്ചറിവ് വിശ്വാസപരിശീലകർക്കും ഉണ്ടായിരിക്കണം. ■

---

# വസ്ത്രം

കുടുംബവിളക്ക് 40



ഫാ. തോമസ് പാട്ടത്തിൽചിറ CMF

വസ്ത്രത്തെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. വസ്ത്രം ഒരു മറമാത്രമാണ് എന്നതാണ് ഒന്നാം പാഠം. അഴകുകൂട്ടാനും പത്രാസു കാട്ടാനുമൊക്കെയുള്ള ഉപാധിയായി മനുഷ്യർ പിന്നീടാണ് അതിനെ കണ്ടുതുടങ്ങിയത്. വസ്ത്രം വേണ്ടെന്നു വയ്ക്കാനാവില്ല. പക്ഷേ, അതിനോടുള്ള ആസക്തിയും അതിനായുള്ള അമിതച്ചെലവും വേണ്ടെന്നു വയ്ക്കാനാവും, ആവണം. നാലുപേരുള്ള കുടുംബത്തിൽ നാല്പതുപേർക്കുള്ള വസ്ത്രങ്ങൾ അനാവശ്യം തന്നെയാണ്. അനാവശ്യമായി വസ്ത്രങ്ങൾ വാങ്ങിക്കൂട്ടുന്നതിനുള്ള വീറും വാശിയും മാത്സര്യവും മനുഷ്യർക്കു ചേർന്നതല്ല. ധരിച്ചുമാറ്റേണ്ട വസ്ത്രത്തിനുവേണ്ടിയുള്ള ധനധൂർത്ത് കുടുംബത്തിൽ സ്വൈരക്കേടുണ്ടാക്കും. ‘ഒന്നുമങ്ങോട്ട് മേച്ചാകുന്നില്ല’ എന്നതിന്റെ പേരിൽ പെട്ടിയിലെ വിലപ്പിടിപ്പുള്ള പുത്തനുടുപ്പുകൾ ഓരോന്നായി ചുരുട്ടിക്കൂട്ടുമ്പോൾ ഉടുതുണിക്കു മറുതുണിയില്ലാത്തവരുമുള്ള സമൂഹത്തിന്റെ ഭാഗമാണ് നാമെന്നു മറക്കരുത്.

വസ്ത്രധാരണത്തിലെ അച്ചടക്കവും വൃത്തിയും പ്രധാനപ്പെട്ട കാര്യങ്ങളാണ്. മാന്യമായ വസ്ത്രധാരണം മോടി കൂട്ടും. കുലീനമായി വസ്ത്രം ധരിക്കുന്നവർക്ക് അധികം സൗന്ദര്യവർധകവസ്തുക്കളുടെ ആവശ്യമില്ല. ഒത്തിരിയില്ലെങ്കിലും ഉള്ളവ വെടിപ്പായി സൂക്ഷിക്കണം. ഉടുവസ്ത്രങ്ങൾ അടുക്കും ചിട്ടയുമില്ലാതെ മുറികളിലെല്ലാം നിരത്തിയിടുന്ന പ്രാകൃതസ്വഭാവം അവസാനിപ്പിക്കണം. സാധിക്കുന്നവരെല്ലാം തങ്ങളുടെ വസ്ത്രങ്ങൾ സ്വന്തമായി കഴുകി ഉപയോഗിക്കണം. ഉടുത്തിരുന്ന വിഴുപ്പുകൾ അമ്മ എന്ന ‘അലക്കുയന്ത്ര’ത്തിലേക്കു വലിച്ചെറിയുക എന്ന ‘ശേലില്ലാശീലം’ കുടുംബാംഗങ്ങൾ പൂർണമായും മാറ്റണം.

വിപണിയിൽ മാറിമാറി വരുന്ന ഫാഷൻ ഡിസൈനുകളെല്ലാം നമുക്ക് ഇണങ്ങുന്നവയായിരിക്കണമെന്നില്ല. നോക്കുന്നവർ പെട്ടെന്നു ശ്രദ്ധിക്കുന്ന തരത്തിലുള്ള കോപ്രായങ്ങൾ വസ്ത്രധാരണത്തിൽ ഒഴിവാക്കണം. പൊതുസ്ഥലങ്ങളിലും ആരാധനാലയങ്ങളിലുമൊക്കെ അനുയോജ്യവും അന്തസ്സുള്ളതുമായ വസ്ത്രധാരണമാണ് അഭികാമ്യം. ആകർഷണീയങ്ങളായ കളറും സ്റ്റൈലും ട്രെൻഡും മാത്രം നോക്കി റെഡിമെയ്ഡ് വസ്ത്രങ്ങൾ തിരഞ്ഞെടുക്കുന്ന ന്യൂജെൻ തലമുറ അവയിലൊക്കെ പതിപ്പിച്ചിരിക്കുന്ന കുറിപ്പുകളിലും ചിത്രങ്ങളിലും മറഞ്ഞിരിക്കുന്ന പൈശാചിക ചതിക്കെണികളെ തിരിച്ചറിയാതെപോകരുത്. ഇക്കാര്യങ്ങളിലെല്ലാം മാതാപിതാക്കളും മക്കളും പരസ്പരം മാതൃകകളാവണം.

ഓർക്കണം, അണിയുന്ന വസ്ത്രമല്ല നമ്മുടെ വ്യക്തിത്വത്തിന്റെ അഴക്; മറിച്ച്, വ്യക്തിത്വമാണ് അണിയുന്ന വസ്ത്രത്തിന്റെ അഴകും അഴുക്കും. അനുദിനം വിശുദ്ധിയുടെ വെള്ളവസ്ത്രം ധരിക്കുന്നതിൽ ഭവനാംഗങ്ങൾ കൂടുതൽ ശ്രദ്ധയുള്ളവരായിരിക്കട്ടെ.

*‘വസ്ത്രമോടിയിൽ അഹങ്കരിക്കരുത്’ (പ്രഭാ. 11:4). ‘വസ്ത്രത്തെക്കാൾ ശരീരം ശ്രേഷ്ഠമല്ലേ?’ (മത്താ. 6:25).*

*കഥാസാരം*

*ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. ഇരുപതുവർഷം മുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ ബന്ധമൊന്നുമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും സിസിലി താമസിക്കുന്ന കുറുക്കൻകുന്ന് എന്ന ഗ്രാമത്തിലെത്തി. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനു ശേഷം എട്ടുവർഷമായി സിസിലിയുടെ കുടുംബജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിനു നന്നേ ഇഷ്ടമായി. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് കാലിനു സ്വാധീനക്കുറവ് വന്നതിനാൽ മുടന്തിയാണ് എൽസ നടന്നിരുന്നത്. ജയേഷിന്റെ കല്യാണം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയാണ്. ഇടയ്ക്കിടെ മദ്യപിക്കും. അവരുമായി പൊരുത്തപ്പെട്ടുപോകാൻ ജയേഷ് നന്നേ ബുദ്ധിമുട്ടി. ഇണക്കവും പിണക്കവുമായി അവരുടെ ദാമ്പത്യജീവിതം മുമ്പോട്ടു പോയി.*

*(തുടർന്നു വായിക്കുക)*



നോവൽ 9

# കിഴക്കൻകാറ്റ്

ഇഗ്നേഷ്യസ് കലയന്താനി

**ജ**യേഷ് വല്ലാതെ അസ്വസ്ഥനായിരുന്നു. പ്രതീക്ഷിച്ചതുപോലൊരു ജീവിതപങ്കാളിയെയല്ല തനിക്കു കിട്ടിയത്. വർഷയുടെ ജീവിതസങ്കല്പവും തന്റെ സങ്കല്പവും തമ്മിൽ ഒരുപാട് അന്തരമുണ്ട്. ഇത്തിരി വെള്ളമടിച്ച്, നല്ല ഭക്ഷണം കഴിച്ച്, കൂട്ടുകാരോടൊത്ത് ആടിത്തിമിർത്ത്, ഇൻസ്റ്റയിൽ റീൽസും ഷോട്ട്സുമൊക്കെ ഇട്ട്, ജീവിതം അടിച്ചുപൊളിച്ച് ആഘോഷമാക്കി മുമ്പോട്ടു പോകണമെന്നാഗ്രഹിക്കുന്ന പെൺകുട്ടി. അതിനെല്ലാം പ്രോത്സാഹനം നൽകുന്ന ഒരു അപ്പനും അമ്മയും. പരമ്പരാഗതവിശ്വാസങ്ങൾക്കു പുല്ലുവില കല്പിക്കാത്ത ഒരു കുടുംബം. മദ്യം ഒഴിച്ചുകൊടുക്കുന്നതുപോലും സ്വന്തം പിതാവാകുന്ന സാഹചര്യത്തിൽ വർഷയ്ക്ക് എങ്ങനെ മോഡേണാവാതിരിക്കാൻ പറ്റും?

തന്റെ ജീവിതാന്തരീക്ഷം തികച്ചും വ്യത്യസ്തമായിരുന്നു. സ്കൂൾപഠനം കന്യാസ്ത്രീകൾ നടത്തുന്ന വിദ്യാലയത്തിൽ. കോളജ്പഠനം വൈദികർ നടത്തുന്ന കലാലയത്തിൽ. ധാർമികമൂല്യങ്ങൾക്കും പരമ്പരാഗത വിശ്വാസങ്ങൾക്കും ഒരുപാട് വില കല്പിച്ചിരുന്ന ഒരു ജീവിതാന്തരീക്ഷം.

പപ്പയും അമ്മയും മൂല്യങ്ങളെ മുറുകെപ്പിടിച്ച്, ദൈവത്തെ മനസ്സിൽ പ്രതിഷ്ഠിച്ച് വിശ്വാസത്തിൽ വളർന്നതുകൊണ്ട് താനും ആ വഴിയേ സഞ്ചരിച്ചു. കൊച്ചുന്നാളിൽ എന്നും പള്ളിയിൽപോയി വിശുദ്ധകുർബാനയിൽ പങ്കെടുത്തതുകൊണ്ട് മനസ്സിൽ ദൈവചിന്ത രൂഢമായി. ധ്യാനത്തിലൂടെ നല്ല സന്ദേശങ്ങൾ പകർന്നുകിട്ടിയതുകൊണ്ട് തെറ്റും ശരിയും കൊച്ചുന്നാളിലേ വേർതിരിച്ചറിയാൻ കഴിഞ്ഞു.

കോളജ് ഹോസ്റ്റലിൽ കുട്ടികൾ കളിയാക്കിയപ്പോഴും മനസ്സ് പതറാതെ മൂല്യങ്ങളിൽ മുറുകെപ്പിടിച്ച് മുന്നോട്ടുപോകാൻ കഴിഞ്ഞു. കൂട്ടുകാരുടെ പ്രലോഭനങ്ങളിൽ വീഴാതെ മദ്യത്തെ അകറ്റി നിറുത്തി. പെൺകുട്ടികളുടെ പഞ്ചാരവാക്കുകളിൽ വീണ് വഴിതെറ്റിയില്ല. ഇങ്ങനെയൊക്കെ ജീവിച്ചിട്ടും എന്തുകൊണ്ടാണ് തനിക്കു ചേർന്ന ഒരു ഇണയെ ദൈവം തരാത്തത്?

തന്നെക്കാൾ സാമ്പത്തികശേഷിയുള്ള ഒരു കുടുംബത്തിൽ നിന്ന് ഒരിക്കലും വിവാഹം കഴിക്കാൻ പാടില്ലായിരുന്നു എന്നിപ്പോൾ തോന്നുന്നു. അവിടെയൊരു തെറ്റുപറ്റി തനിക്ക്. വർഷയുടെ പപ്പപോലും തന്നെ പുച്ഛത്തോടെയല്ലേ നോക്കുന്നത്! വർഷയുടെ ലെവലിലേക്കു താൻ ഉയരണമത്രേ. മദ്യം കഴിച്ചിട്ട് കാണുന്നവരോടൊക്കെ കൊഞ്ചിക്കുഴയുന്നതാണോ ഉയർച്ച? എന്തുകൊണ്ട് വർഷയോട് തന്റെ ലെവലിലേക്കുയരണമെന്ന് ആ മനുഷ്യനു പറയാൻ തോന്നിയില്ല?

വർഷയുടെ സഹപ്രവർത്തകൻ ദീപക് അവളെ കാണാൻ വന്നപ്പോൾ അവളുടെ കൊഞ്ചിക്കുഴഞ്ഞാട്ടം കാണണമായിരുന്നു. ഭർത്താവ് എന്നൊരുത്തൻ അടുത്തിരിപ്പുണ്ടെന്ന ചിന്തപോലുമുണ്ടായില്ലല്ലോ. ഇങ്ങനെയുണ്ടോ ഒരു ഫ്രണ്ട്ഷിപ്പ്! അമ്മയ്ക്കുപോലും അവളുടെ പെരുമാറ്റത്തിൽ സംശയം ഉണ്ടായി. സിനിമയ്ക്കു പോകാൻ സന്തോഷിച്ചിരുന്നപ്പോഴല്ലേ അവന്റെ വരവ്. സിനിമ ക്യാൻസൽ ചെയ്തതിൽ അമ്മയ്ക്ക് എന്തുമാത്രം വിഷമമുണ്ടായി. ഒഴിവാക്കാൻ വയ്യാത്തത്ര ഒരടുപ്പം അവർ തമ്മിലെങ്ങനെയുണ്ടായി? ജോലി കിട്ടിയതിനുശേഷംമാത്രം പരിചയപ്പെട്ട ഒരു സഹപ്രവർത്തകനല്ലേ അവൻ? കല്യാണം കഴിഞ്ഞ ഒരു പെണ്ണ് സഹപ്രവർത്തകന്റെ ഇഷ്ടത്തെക്കാൾ നോക്കേണ്ടത് ഭർത്താവിന്റെ ഇഷ്ടമല്ലേ? ജയേഷിന്റെ ചിന്തകൾ കാടുകയറി.



സൂസമ്മ മുറിയിലേക്കു കയറി വന്നത് ജയേഷ് അറിഞ്ഞില്ല. അവൻ കീഴോട്ടുനോക്കി ഓരോന്ന് ആലോചിച്ചിരിക്കുകയായിരുന്നു.

"മോനേ..." വിളികേട്ട് ഞെട്ടി മുഖം ഉയർത്തി.

"നീ എന്താലോചിച്ചിരിക്കാ. കുറച്ചു ദിവസായി ഞാൻ ശ്രദ്ധിക്കുന്നു നിന്റെ മുഖത്ത് വല്ലാത്തൊരു സങ്കടം. എന്താന്നു വച്ചാൽ അമ്മയോടു പറ."

സൂസമ്മ അടുത്തുവന്നിരുന്ന് മകനെ തന്നോടു ചേർത്തുപിടിച്ച് മുടിയിഴകളിൽ തലോടി.

"ഒന്നുമില്ലമ്മേ.."

"ഒന്നുമില്ലെന്നു പറഞ്ഞാൽ അതു കള്ളമാണ് ഈ അമ്മയ്ക്കറിയാം. പത്തിരുപത്തെട്ട് വർഷമായിടില്ലേ നിന്നെ ഞാൻ കാണാൻ തുടങ്ങീട്ട്."

"നമ്മളെക്കാൾ താഴ്ന്ന ഒരു കുടുംബത്തീന്നു മതിയായിരുന്നു അമ്മേ എനിക്കൊരു കല്യാണം."

"എനിക്കു തോന്നിയിരുന്നു നിന്റെ വിഷമം അതാന്ന്. ഇനി അതൊന്നും ഓർത്ത് വെഷമിക്കണ്ട. കുറച്ചൊക്കെ കണ്ടില്ലാന്നും കേട്ടില്ലാന്നും വച്ച് വീട്ടുവീഴ്ച ചെയ്തു മുമ്പോട്ടുപോകാൻ നോക്കുക. അവളു വളർന്നുവന്ന സാഹചര്യവും ഇവിടുത്തെ സാഹചര്യവും വ്യത്യസ്തമാണല്ലോ. പൊരുത്തപ്പെട്ടു വരാൻ കുറച്ചു സമയമെടുക്കും. നമുക്കു പ്രാർഥിക്കാം. ഒരു കുഞ്ഞൊക്കെയായി കഴിയുമ്പം എല്ലാം നേരേയാകുമെന്നാ എന്റെ വിശ്വാസം."

സൂസമ്മ മകന്റെ കവിളിൽ ഒരു മുത്തം നൽകി.

"അമ്മയോട് ഞാനൊരു കുറ്റസമ്മതം നടത്തട്ടെ."

"ഉം."

"മദ്യം കഴിക്കില്ലാന്ന് ഞാനൊരിക്കൽ വാക്കു തന്നിരുന്നു. അതു തെറ്റിച്ചു അമ്മേ."

സൂസമ്മയുടെ കണ്ണുകൾ വിടർന്നു. വർഷയുടെ വീട്ടിൽവച്ച് അവളുടെ നിർബന്ധത്തിനു വഴങ്ങി മദ്യം കഴിച്ചത് ജയേഷ് തുറന്നു പറഞ്ഞു.

"സാരമില്ല മോനേ; ഒരു പ്രാവശ്യമല്ലേ. ഇനി ആവർത്തിക്കാതിരുന്നാൽ മതി. കഴിഞ്ഞതു കഴിഞ്ഞു; പോട്ടെ."

"ഇതമ്മയോടു പറയാഞ്ഞിട്ട് എന്റെ മനസ്സിലൊരു തിക്കുമുട്ടലായിരുന്നു. ഇപ്പഴാ സമാധാനമായത്."

"എന്റെ മോനെ എനിക്കു നന്നായിട്ടറിയാമല്ലോ. സാരമില്ലെടാ. ങ്ഹാ. വേറൊരു കാര്യം പറയാനും കൂടിയാ ഞാനിപ്പം കേറി വന്നത്. എൽസേടെ കാലിന്റെ സർജറി നടത്തുന്ന കാര്യം നമ്മളു മുമ്പ് സംസാരിച്ചിരുന്നല്ലോ. പപ്പയോട് ഞാനിക്കാര്യം പറഞ്ഞു. പപ്പയ്ക്കെതിർപ്പില്ല. നിന്നെ അത്രയേറെ ലാളിച്ചതാണല്ലോ സിസിലി. സർജറീടെ കാര്യം നീ തന്നെ വിളിച്ച് അവരെയൊന്നറിയിക്കണം. നീ ചെയ്തുകൊടുക്കുന്നതായിട്ടിരുന്നോട്ടെ. അതാവുമ്പം അവർക്കു കൂടുതൽ സന്തോഷമാകും."

"ഞാൻ വിളിച്ചുപറയാം അമ്മേ."

"പണം കൂട്ടിവച്ചിരുന്നിട്ടൊന്നും കാര്യമില്ല മോനേ. പാവങ്ങളെ സഹായിക്കുമ്പഴേ ദൈവത്തിന്റെ അനുഗ്രഹം നമുക്കു കിട്ടൂ. അതൊരു പാവം കൊച്ചല്ലേ. നമ്മളവിടെ ചെന്നപ്പം എത്ര സ്നേഹത്തോടെയാ പെരുമാറീത്. അതിനു നല്ലൊരു ഭർത്താവിനെ ദൈവം കൊടുക്കട്ടെ. ചട്ടുമാറിയാൽ കെട്ടിക്കൊണ്ടുപോകാൻ ആളുണ്ടാകും. അവൾക്കൊരു ജീവിതം കിട്ടട്ടെ."

"അതുപോലൊരു പെൺകുട്ടിയെയാരുന്നു അമ്മേ ഞാൻ മനസ്സിൽ കണ്ടത്. കിട്ടിയത് ഇങ്ങനൊരെണ്ണമായിപ്പോയി."

"വിഷമിക്കണ്ടെടാ. ഒരു കുഞ്ഞായിക്കഴിയുമ്പം അടക്കോം ഒതുക്കോം വന്നോളും. പുന്നമൂട്ടിലെ ഡയാന കല്യാണത്തിനു മുമ്പ് എന്തോരം പൊങ്ങിപ്പിടിച്ചു നടന്നതാ. ഒരു കൊച്ചായി കഴിഞ്ഞപ്പം ഒതുങ്ങിയില്ലേ." ജയേഷ് ഒന്നും മിണ്ടിയില്ല. കുറച്ചുനേരം കൂടി വർത്തമാനം പറഞ്ഞിരുന്നിട്ട് സൂസമ്മ എണീറ്റ് വെളിയിലേക്കിറങ്ങി.

അമ്മ പോയിക്കഴിഞ്ഞപ്പോൾ ജയേഷ് വീണ്ടും ചിന്തയിൽ മുഴുകി. ജീവിതത്തിലേക്ക് ഒരു പെണ്ണ് കടന്നുവരുമ്പോൾ സന്തോഷവും സങ്കടവും പങ്കുവയ്ക്കാൻ ഒരാളാകുമല്ലോ എന്നു സന്തോഷിച്ചിരുന്നതാണ് കല്യാണത്തിനുമുമ്പ്. അതിങ്ങനെയായിപ്പോയി. ജയേഷ് ഒരു ദീർഘശ്വാസം വിട്ടു.

അന്ന് ഓഫായിരുന്നതിനാൽ ജയേഷിന് വർക്ക് ഉണ്ടായിരുന്നില്ല. മൊബൈലിൽ ഓരോന്നു നോക്കി വെറുതെ ഇരുന്നു. വർഷ ഡ്യൂട്ടിക്കു പോയിരിക്കയാണ്. ഇൻഫോപാർക്കിലാണ് ജോലി.

പതിവായി എട്ടുമണിക്കു മുമ്പേ അവൾ വീട്ടിൽ എത്താറുള്ളതാണ്. ടൂ വീലറിലാണ് വരവ്. എട്ടരയായിട്ടും കാണാഞ്ഞപ്പോൾ ജയേഷ് ഫോൺ ചെയ്തു.

"വർക്ക് തീരാൻ വൈകി ജയേഷേ. ഇത്തിരി വൈകിയേ എത്തൂ. ജയേഷ് വെയ്റ്റ് ചെയ്യണ്ട. ഫുഡ് കഴിച്ചിട്ടു കിടന്നോ."

"എങ്കിലതൊന്നു വിളിച്ചു പറയരുതായിരുന്നോ?" ജയേഷിനു ദേഷ്യം വന്നു.

"സമയം പോയതറിഞ്ഞില്ല. ജയേഷ് വിളിച്ചപ്പഴാ ടൈം നോക്കിയത്. ഇത്ര പേടിക്കാൻ ഞാൻ കൊച്ചുകുട്ടിയൊന്നുമല്ലല്ലോ. അങ്ങെത്തിക്കോളാം."

"രാത്രിയല്ലേ, വണ്ടി പതിയെ ഓടിച്ചാൽ മതി കേട്ടോ."

അതിനു മറുപടിയായി അങ്ങേ തലയ്ക്കൽനിന്ന് ഒരു പരിഹാസച്ചിരിയാണ് കേട്ടത്. ജയേഷിനു ദേഷ്യം വന്നു. അവൻ ഫോൺ കട്ടു ചെയ്തു. ഒരു നെടുവീർപ്പിട്ടിട്ട് അവൻ എൽസയുടെ നമ്പർ ഡയൽ ചെയ്തു. അങ്ങേത്തലയ്ക്കൽ ഹലോ എന്ന ശബ്ദം.

"ജയേഷാ"

"അറിയാം. നമ്പർ ഞാൻ സേവ് ചെയ്തിട്ടുണ്ട്.

"ഉറങ്ങിയായിരുന്നോ?"

"ഇല്ല. അത്താഴം കഴിച്ചിട്ട് അമ്മയോടു വർത്തമാനം പറഞ്ഞിരിക്കായിരുന്നു."

"ഞാനൊരു കാര്യം പറയാനാ വിളിച്ചെ."

"എന്തേ?"

"എൽസയുടെ കാലിന്റെ മുടന്തുമാറ്റാൻ ഒരു സർജറികൊണ്ടു സാധിക്കുമെന്നല്ലേ ഡോക്ടർ പറഞ്ഞത്?"

"ഉം."

"ഡോക്ടറെക്കണ്ട് അതിനുള്ള ഏർപ്പാടുകൾ ചെയ്തോ. അതിന്റെ മുഴുവൻ ചെലവും ഞാൻ വഹിച്ചോളാം."

"അതിന് ഒരുലക്ഷം രൂപേടെ മോളിൽ ചെലവാകും ജയേഷേ..."

*ശേഷം 14-ാം പേജിൽ*

# ആനയാണോ പുണ്യാളനാണോ മുന്നിൽ?



ഡോ. തോമസ് മൂലയിൽ

നോമ്പുവീടലിനോടനുബന്ധിച്ച് പതിവുള്ള കത്തിക്കുത്തൊരെണ്ണം അന്നുമുണ്ടായി. അന്ന് എന്നുപറഞ്ഞാൽ ഒരുപാടൊരുപാടുമുമ്പാണ്. കുത്തുകൊണ്ട മാത്തച്ചൻ തറയിൽത്തന്നെ വീണുമരിച്ചു. കുത്തിയ ആപ്പച്ചൻ മുങ്ങി. പിന്നെ പൊങ്ങിയതു പത്തിരുപത്തഞ്ചു വർഷം കഴിഞ്ഞാണ്. പൊങ്ങിയതാകട്ടെ കൈനിറയെ പണവുമായാണ്. ഇന്നത്തെ ഭാഷയിൽപ്പറഞ്ഞാൽ, മടിയിൽ കനവുമായി! ഇതെങ്ങനെ എന്നതിനെ സംബന്ധിച്ച് പലരും പലതും പറയാറുണ്ട്. ഗൾഫിൽ പോയി സമ്പാദിച്ചതാണെന്നും ബോംബെയിൽ അധോലോകബന്ധത്തിലൂടെയാണെന്നും സ്വർണക്കടത്തിലൂടെയാണെന്നും കള്ളപ്പണം വെളുപ്പിച്ചതാണെന്നുമൊക്കെയാണ് ആളുകൾ പറയാറുള്ളത്.

ആപ്പച്ചൻ പൊങ്ങിയ അവസരത്തിൽ ഫൊറോനാപ്പള്ളിയുടെ കുരിശുപള്ളിയായിരുന്ന കുരുക്കുമാക്കിക്കുരിശുപള്ളി പുതുക്കി വലുതാക്കിപ്പണിയുകയായിരുന്നു. ആപ്പച്ചൻ കൈയയച്ചു സംഭാവന നൽകി. അതോടെ ആപ്പച്ചനു പേരായി, പെരുമയായി. പഴയ ചരിത്രമെല്ലാം തേഞ്ഞുമാഞ്ഞുപോയി.

അങ്ങനെയിരിക്കേ, പള്ളിയിലെ പ്രധാന തിരുനാൾ വന്നു. അദ്ഭുതപ്രവർത്തകനായ അന്ത്രയോസ് അപ്പസ്തോലന്റെ നാമധേയത്തിലാണു പള്ളി. ആപ്പച്ചൻ പെരുന്നാളേറ്റു. പെരുന്നാൾ അടിപൊളിയാക്കാൻ തീരുമാനിച്ചു. പെരുന്നാളിന്റെ ഭാഗമായ കലാപരിപാടികൾ, ഇല്യുമിനേഷൻ, സദ്യ, നോട്ടീസ്, ബാനർ, പോസ്റ്റർ, സപ്ലിമെന്റ്, കേറ്ററിംഗ് മുതലായവയെല്ലാം റെഡിയാക്കി. സപ്ലിമെന്റിന്റെ മുൻവശത്ത് (ഫ്രണ്ട് പേജ്) പള്ളിയുടെയും പുണ്യാളച്ചന്റെയും പടം. അടിയിൽ ആപ്പച്ചന്റെയും എംഎൽഎ യുടെയും പൂർണകായചിത്രം! മറുവശത്ത് വികാരിയച്ചൻ, കൈക്കാരന്മാർ, കണക്കൻ, കപ്യാർ എന്നിവരുടെ പടങ്ങളും വികാരിയച്ചന്റെ ലേഖനവും. പുണ്യാളനെക്കൊണ്ട് ഒരു അദ്ഭുതം പ്രവർത്തിപ്പിച്ചാൽ കൊള്ളാമെന്ന് ഒരു 'പൂതി' ആപ്പച്ചന്റെയുള്ളിൽ...! അതോടെ പുണ്യാളച്ചനും ആപ്പച്ചനും പേരാകുമല്ലോ. വിവരം പുറത്തു പറഞ്ഞില്ല.

അതുപോലെ, മറ്റൊരു മോഹമായിരുന്നു, പതിവുപരിപാടികൾക്കുപുറമേ, എന്തെങ്കിലും ഒരു പുതുമ വേണമെന്നത്. 'ഐഡിയ' പലതും മനസ്സിലൂടെ കടന്നുപോയി. എങ്കിലും ക്ലിക്കു ചെയ്തത് പ്രദക്ഷിണത്തിന് ഒരു ആനയെ ഇറക്കുക എന്നതായിരുന്നു. പേരുകേട്ട അപൂർവം ചില പള്ളികളിൽമാത്രമുള്ള ഏർപ്പാടാകുമ്പോൾ തന്റെ കുഗ്രാമത്തിൽ അതൊരു വലിയ സംഭവമായി മാറും. ശിങ്കിടികൾക്കെല്ലാം അതിഷ്ടപ്പെട്ടു.



യോഗത്തിൽ ചർച്ചയ്ക്കുവന്നപ്പോൾ രണ്ടു ഗ്രൂപ്പായി. തലമൂത്ത കാരണവന്മാർക്ക് ഇതിനോടു യോജിപ്പില്ല. ചെറുപ്പക്കാർക്ക് ഒരു ഹരമായിത്തോന്നി. ചെറുപ്പക്കാരൻ വികാരിയച്ചനും ഉള്ളുകൊണ്ട് അതിനോടാണ് ആഭിമുഖ്യം. അതുകൊണ്ട് ന്യൂട്രലടിച്ചു. പരിപാടി ക്ലിക്കു ചെയ്താൽ ക്രെഡിറ്റു വികാരിയച്ചനുമുണ്ടല്ലോ. ചീറ്റിപ്പോയാൽ ആളുകളുടെ നിർബന്ധത്തിനു വഴങ്ങി എന്നു പറഞ്ഞു തടിയൂരാം. ചുരുക്കത്തിൽ, തീരുമാനം ആപ്പച്ചനനുകൂലമായിരുന്നു.

പെരുന്നാളടുത്തപ്പോൾ എം.എൽ.എ. യുടെ അധ്യക്ഷതയിൽ ഒരു യോഗം ചേരാൻ തീരുമാനിച്ചു. പള്ളിയോഗത്തിന്റെ അധ്യക്ഷൻ വികാരിയാകണമെന്ന പതിവു തിരുത്തിക്കുറിച്ചു. ആ യോഗത്തിലും ചേരിതിരിവുണ്ടായെങ്കിലും ആപ്പച്ചനുതന്നെയായിരുന്നു ഭൂരിപക്ഷം. ക്രമസമാധാനത്തിന്റെ കാര്യം എം.എൽ.എ. ഏറ്റു. ആപ്പച്ചൻ തന്റെ ആനക്കാര്യം വിശദീകരിച്ചു. ആരോ ഒരു ക്രമപ്രശ്നം ഉന്നയിച്ചു. ആനയെ ഇറക്കാൻ അനുവാദം വാങ്ങണമെന്ന നിർദേശമുണ്ടല്ലോ? 'അതു ഞാനേറ്റു' എംഎൽഎ പറഞ്ഞു. പ്രദക്ഷിണത്തിന് ആനയെ നിർത്തുന്നതു സംബന്ധിച്ചു തർക്കമുണ്ടായി. മുമ്പിൽത്തന്നെ വേണമെന്ന് ആപ്പച്ചൻ പറഞ്ഞു. 'ആനയാണോ പുണ്യാളനാണോ മുന്നിൽ നിൽക്കേണ്ടത്?' എന്ന ചോദ്യം ഉയർന്നു. എന്നാൽ, ഏറ്റവും പിറകിലാകട്ടെ എന്നായി ഒരു കൂട്ടർ! പ്രദക്ഷിണത്തിന്റെ മധ്യത്തിലാകട്ടെ എന്നു മറ്റൊരു കൂട്ടർ. അവസാനം, വികാരിയച്ചൻ ഒരു നിർദേശം വച്ചു. പ്രദക്ഷിണം കുരിശിൻതൊട്ടി വലംവച്ചുവന്ന് പള്ളിയിൽ കേറുന്നതിനുമുമ്പ് തിരുസ്വരൂപം മോണ്ടളത്തിൽ വയ്ക്കുമ്പോൾ ആന ആഘോഷമായി വന്ന് തുമ്പിക്കൈ ഉയർത്തി പുണ്യാളച്ചനെ വണങ്ങട്ടെ. അപ്പോൾ ആളുകൾക്കെല്ലാം കാണുകയും ചെയ്യാം. അതെല്ലാവർക്കും സമ്മതമായി.

ഒരാൾ കരിമരുന്നുകലാപ്രകടനത്തിന്റെ കാര്യം എടുത്തിട്ടു. മൂന്നു സെറ്റ് വെടിക്കെട്ട് താൻ ഏർപ്പാടാക്കിയിട്ടുള്ളതായി ആപ്പച്ചൻ പറഞ്ഞു. പക്ഷേ, വികാരിയച്ചൻ അതു വീറ്റോ ചെയ്തു. രൂപതയിൽനിന്നു കർശനമായ നിരോധനമുള്ളതിനാൽ ഒരു കാരണവശാലും അനുവദിക്കാൻ പറ്റില്ലെന്ന് അദ്ദേഹം തീർത്തുപറഞ്ഞു. മനസ്സില്ലാമനസ്സോടെ ആപ്പച്ചൻ വഴങ്ങി.

പെരുന്നാൾദിവസമായി. പള്ളിയും പരിസരവും വർണപ്പകിട്ടാർന്ന ഇലുമിനേഷൻ കൊണ്ടു മിന്നിത്തിളങ്ങി. കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകൾ, കാതടപ്പിക്കുന്ന ശബ്ദകോലാഹലം, വച്ചുവാണിഭക്കാരുടെ കച്ചവടാരവം. ആഘോഷമായ തിരുനാൾ കുർബാന ചൊല്ലുന്നതു ഗാനഗന്ധർവൻ എന്നു പേരുകേട്ട സ്വർണക്കാവിൽ ജിമ്മിച്ചനും സംഘവും. സുപ്രസിദ്ധ വചനപ്രഘോഷകൻ പൊടിക്കല്ലുങ്കൽ ബർണാർദച്ചനാണ് തിരുനാൾസന്ദേശം. അദ്ദേഹത്തിന്റെ പൊടിപൊടിപ്പൻ പ്രസംഗം. ബഹു. വികാരിയച്ചനെയും പ്രസുദേന്തി ആപ്പച്ചനെയും പേരെടുത്തുപറഞ്ഞ് അഭിനന്ദിക്കാനും അദ്ദേഹം മറന്നില്ല. ബാന്റും ചെണ്ടയുമെല്ലാം പൊടിപൊടിച്ചു. പ്രദക്ഷിണം കഴിഞ്ഞ് ഉടനെതന്നെ കലാപരിപാടികൾ. ആദ്യം നാടകമായിരുന്നു. അതു കുഴപ്പം കൂടാതെ കഴിഞ്ഞു. പിന്നെ ഗാനമേള! അതു പതിവുപോലെ അലമ്പി. ചെറിയ തോതിൽ ഉന്തും തള്ളുമൊക്കെയുണ്ടായി. പാട്ടിനൊപ്പിച്ചു നൃത്തം ചവിട്ടിയതിന്റെ ഭാഗമായിട്ടായിരുന്നു അത്. ഏതായാലും പൊലീസിടപെട്ട് എല്ലാം ശാന്തമാക്കി. അങ്ങനെ, തലേന്നാൾപെരുന്നാൾ അവസാനിച്ചു.

പിറ്റേന്ന്, പ്രധാനതിരുനാളിനു റാസയായിരുന്നു. രൂപതയിലെ നവവൈദികരാണ് റാസക്കുർബാന ചൊല്ലിയത്. റാസ കഴിഞ്ഞ് ഉടനെതന്നെ പ്രദക്ഷിണമിറങ്ങി. പ്രസുദേന്തി ആപ്പച്ചൻ തന്റെ നിറസാന്നിധ്യം കൊണ്ടു ശ്രദ്ധേയനായി. നേർച്ചയിടാൻ തിക്കും തിരക്കും കൂട്ടിയപ്പോൾ പ്രസുദേന്തിയും എംഎൽഎയും നേർച്ച നല്കാൻ പോസു ചെയ്തു. വീഡിയോയും എടുത്തു. വോളണ്ടിയേഴ്സ് പ്രദക്ഷിണം നയിക്കുന്നുണ്ടെങ്കിലും അവരെ നയിക്കുന്നത് ആപ്പച്ചനാണ്. അതിനുള്ള തെളിവാണ് ചങ്ങഴിവട്ടം വരുന്ന ബാഡ്ജും ഒരടി നീളം വരുന്ന റിബണും. ചെണ്ടമേളക്കാരുടെ അടുത്തുനിന്ന് അവർക്കു താളം പകർന്നു. പിന്നെ ബാന്റുമേളക്കാർക്കു പ്രോത്സാഹനം നൽകി. ഇതിനിടെ പാലികയുടെ കീഴിൽ അച്ചന്മാർക്കൊപ്പം നടന്നുനീങ്ങി. പിന്നെ, പിള്ളേരുടെ പരിചമുട്ട്, മാർഗംകളി എന്നിവിടങ്ങളിലും പോയി അവരെ പ്രോത്സാഹിപ്പിച്ചു.

പ്രദക്ഷിണം ടൗൺ ചുറ്റി പള്ളിയെത്താറായപ്പോഴാണ് ആപ്പച്ചൻ ആനയുടെ കാര്യം ഓർത്തത്. ഡ്രൈവറെ മൊബൈലിൽ വിളിച്ചുവരുത്തി മുമ്പോട്ടുപോയി. നേരത്തേ പറഞ്ഞേർപ്പാടാക്കിയിരുന്ന നെറ്റിപ്പട്ടം കെട്ടിയ ഗജവീരനെ പള്ളിപ്പറമ്പിൽത്തന്നെ തളച്ചിട്ടുണ്ടായിരുന്നു. അവന്റെ അടുത്തുചെന്ന് പഴക്കുല സമ്മാനിച്ച് അവനെ തൊട്ടുതലോടി ചങ്ങാത്തത്തിലായി. പ്രദക്ഷിണം വരുമ്പോൾ ആനപ്പുറത്തു കയറിച്ചെന്ന് പുണ്യവാളനെ വരവേല്ക്കണമെന്നായിരുന്നു ആപ്പച്ചന്റെ പ്ലാൻ. പക്ഷേ, ആനക്കാരൻ അതിനു സമ്മതിച്ചില്ല. ആന ഇടയുമെന്നു പറഞ്ഞാണ് ആപ്പച്ചനെ പിന്തിരിപ്പിച്ചത്. ആപ്പച്ചനെക്കാൾ വിവരം ആനക്കാരനുണ്ടായിരുന്നു എന്നുമാത്രം!

പ്രദക്ഷിണം കുരിശിൻതൊട്ടിയിലെത്തി. ആപ്പച്ചൻ ചെന്ന് പ്രദക്ഷിണത്തെ എതിരേറ്റു. പ്രദക്ഷിണത്തിന്റെകൂടെ പാലികയുടെ കീഴിൽനിന്ന് പള്ളിയിലേക്കു നയിച്ചു.

തിരുസ്വരൂപം മോണ്ടളത്തിൽ സ്ഥാപിച്ചു. ജനക്കൂട്ടം മോണ്ടളത്തിനു ചുറ്റും തിങ്ങിക്കൂടി. വികാരിയച്ചനും എം.എൽ.എ.യും ഇടപെട്ട് ആൾക്കൂട്ടത്തെ ഒതുക്കിനിർത്തി. ആനയെ കാണാൻ കുസൃതിപ്പിള്ളേർ അടുത്തുള്ള മരക്കൊമ്പുകളിൽ സ്ഥാനംപിടിച്ചിരുന്നു. ആനക്കാർ രണ്ടുപേരും ശ്രദ്ധാപൂർവം ആനയെ നിയന്ത്രിച്ചു തിരുസ്വരൂപത്തിന്റെ മുമ്പിലെത്തിച്ചു. ആന മുൻകാലുകൾ മടക്കി, തുമ്പിക്കൈ ഉയർത്തി തിരുസ്വരൂപം വണങ്ങി. ആനക്കാർ ആനയെ പുറത്തേക്കു നയിച്ചു. ആളുകളെല്ലാം പള്ളിക്കകത്തു കയറി സമാപനപ്രാർഥനയിൽ പങ്കുകൊണ്ടു.

അപ്പോഴാണ് ആപ്പച്ചൻ ഒരു കാര്യം മറന്നതോർത്തത്. ആനയുടെ അടുത്തുനിന്ന് ഒരു ഫോട്ടോ എടുക്കണമെന്നത്. പാപ്പാന്മാരോടു പറഞ്ഞു, ആന തുമ്പിക്കൈ ഉയർത്തി ആദരമർപ്പിക്കുമ്പോൾ ആപ്പച്ചൻ അടുത്തുനില്ക്കുന്ന ഫോട്ടോയ്ക്കു പോസു ചെയ്യിക്കണമെന്ന്. പാപ്പാന്മാർ പറഞ്ഞു: അതു റിസ്കാണ്. ആന ഇടയാൻ പാടില്ലായ്കയില്ല. പക്ഷേ, ആപ്പച്ചനു നിർബന്ധം. അവർ ആനയെ പിറകോട്ടുതിരിച്ചു. ആനയെ പോസു ചെയ്യിച്ചു. ആപ്പച്ചൻ ആനയോടു ചേർന്നുനിന്നു. ആന തുമ്പിക്കൈ ഉയർത്തി ആപ്പച്ചനെ പൊക്കിയെടുത്ത് ചുരുട്ടിക്കൂട്ടി ഒരേറും ഒരലർച്ചയും...! ■



ജിൻസ് കാവാലി





# നിങ്ങൾ മരിക്കുമ്പോൾ ആരു കരയും ?

Once you learn how to die, you learn how to live - Mitch Albom.


'ഈ ഭൂമി മുഴുവൻ എന്റേതാണ്' എന്നൊരു രാജശാസന ഒരിക്കൽ പുറപ്പെടുവിച്ചിരുന്നു അലക്സാണ്ടർ ചക്രവർത്തി. അധികാരത്തോടുള്ള അന്തമില്ലാത്ത ആസക്തിയോടെ കുരിശിലേറ്റിയും കഴുത്തുവെട്ടിയും അനേകായിരങ്ങളെ കൊന്നൊടുക്കിയ പടയോട്ടങ്ങൾക്കൊടുവിൽ കേവലം മുപ്പത്തിരണ്ടാംവയസ്സിൽ മലേറിയ ബാധിച്ച് അദ്ദേഹം മരണമടഞ്ഞു. പിടിച്ചടക്കിയ എണ്ണമില്ലാത്ത ദേശങ്ങളൊന്നും കണ്ണുനിറയെ കാണാൻപോലുമാകാതെ ആറടിമണ്ണിൽ അന്ത്യവിശ്രമം. ആർത്തിയോടെ സ്വന്തമാക്കുന്നതിനൊക്കെ സ്വല്പനേരത്തെ ആയുസ്സേ ഉണ്ടാകൂ. ഗർഭപാത്രത്തിൽനിന്നു കല്ലറയിലേക്കു നമ്മൾ കരുതുന്നത്ര ദൂരം ഉണ്ടാകണമെന്നില്ല. എന്നാൽ, ക്ഷണികമെന്നതുകൊണ്ട് അർഥരഹിതമാണോ മർത്ത്യജീവിതം? ഒരിക്കലുമല്ല. സ്നേഹംകൊണ്ട്, സത്യംകൊണ്ട്, സത്കർമങ്ങൾകൊണ്ട് നശ്വരമായ ജീവിതത്തെ അനശ്വരമാക്കാനും മനുഷ്യനു കഴിയും. അങ്ങനെ, മൃതിയെ കീഴടക്കുന്ന മനുഷ്യരുടെ സ്മൃതികുടീരങ്ങൾക്കുമുന്നിൽ കാലമെത്രകഴിഞ്ഞാലും ഇതളടരാത്ത പനിനീർപൂക്കളും അണയാത്ത മെഴുകുതിരികളുമുണ്ടാകും. അങ്ങനെ മൃതിയുടെ കരങ്ങളിലൊതുങ്ങാത്ത അർഥപൂർണമായ, ആഴമുള്ള ജീവിതം നയിക്കാനാവശ്യമായ ഉൾക്കാഴ്ചകളിലേക്കു വായനക്കാരനെ കൈപിടിച്ചുകൊണ്ടു പോവുകയാണ് ലോകപ്രശസ്ത പ്രചോദനാത്മക ഗ്രന്ഥകാരനായ റോബിൻ ശർമ തന്റെ Who will cry when you die? എന്ന പുസ്തകത്തിലൂടെ.

'വീണ്ടും ആവർത്തിക്കില്ല എന്നതാണ് ജീവിതത്തെ മധുരതരമാക്കുന്നത്' എന്ന് എമിലി ഡിക്കൻസ് എഴുതുന്നുണ്ട്. ആവർത്തനമില്ലാത്ത ജീവിതത്തെ, അനന്തതയുമായി ബന്ധിപ്പിക്കാൻ സ്നേഹത്തിന്റെ സ്വർണനൂലുകൾക്കുമാത്രമേ കഴിയൂ. നിരന്തരമായ സ്നേഹാന്വേഷണപരീക്ഷകളിലൂടെയാണ് ജീവിതത്തിനു സൗന്ദര്യവും സംതൃപ്തിയും കൈവരുന്നത്. സ്നേഹിക്കാത്തവർ ശ്വസിക്കുന്നു എന്നേയുള്ളു, ജീവിക്കുന്നില്ല. ഒരു ഭാഗത്ത്, ബഹിരാകാശത്തും ചന്ദ്രനിലുംവരെ യാത്ര സാധ്യമാകുംവിധം നാം വളരുമ്പോഴും മറുഭാഗത്ത് ഏറ്റവും പ്രിയപ്പെട്ട മനുഷ്യരുടെ ഹൃദയത്തിലേക്കുപോലും സഞ്ചാരം അസാധ്യമാകുംവിധം നാം തളരുകയാണെന്ന് റോബിൻ ശർമ എഴുതുന്നുണ്ട്. അടുത്തിരിക്കുമ്പോഴും നമുക്കിടയിൽ അനന്തമായ അകലങ്ങൾ രൂപപ്പെടുന്നു. അന്യന്റെ കണ്ണുനീർ നമ്മുടെ ഉറക്കം കെടുത്താതെയാകുന്നു. ജീവിതത്തെ വിരസവും വിലകെട്ടതുമാക്കുന്ന ആത്മാവിന്റെ ഈ ഏകാന്തതയാണ് (Spiritual isolation) ഇന്ന് ആധുനികമനുഷ്യൻ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം.

വാക്കിൽനിന്നുമാത്രമല്ല, വാക്കിനിടയിലെ മൗനത്തിൽനിന്നും മിണ്ടാതെ മിണ്ടുന്ന മിഴികളിൽനിന്നും മനുഷ്യരെ വായിക്കാനാവണം നമുക്ക്. പുറംലോകത്തിനു കേൾക്കാനാവാത്ത എത്രയോ നിലവിളികളാണ് ഓരോ മനുഷ്യന്റെയും മനോലോകങ്ങളിൽ! അവയെ കേൾക്കാൻ ഭൗതികമായ സമ്പത്തല്ല; സമ്പന്നമായ ഹൃദയമാണ് ആവശ്യം. 'സമ്പന്നമായ ഒരു ഹൃദയമില്ലെങ്കിൽ സമ്പത്ത് ഒരു ഭിക്ഷാപാത്രംമാത്രമാണ്' എന്ന് എമേഴ്സൺ പറഞ്ഞിട്ടുണ്ട്.




സമ്പന്നമായൊരു ഹൃദയമുണ്ടാവാൻ ശ്രേഷ്ഠരായ മനുഷ്യരെ നമ്മുടെ ആത്മാവിന്റെ അയൽക്കാരാക്കി മാറ്റണമെന്നും ഗ്രന്ഥകാരൻ എഴുതുന്നുണ്ട്. വാൾഡൻ എന്ന വിഖ്യാതഗ്രന്ഥത്തിലൂടെ അനശ്വര കീർത്തി നേടിയ ഹെൻറി ഡേവിഡ് തോറോ, പ്രചോദനാത്മകചിന്തകളുടെ തലതൊട്ടപ്പനായ നോർമൻ വിൻസന്റ് പീൽ, മനുഷ്യസ്നേഹത്തിന്റെ മഹാമാതൃകയായ മദർ തെരേസ, സാഹസിക സഞ്ചാരിയായ റിച്ചാർഡ്



ബ്രാൻസൺ, സംഗീത ഇതിഹാസം ബില്ലി ഹോളിഡേ, വിഖ്യാത ബോക്സിങ് താരം മുഹമ്മദ് അലി എന്നിങ്ങനെ ജീവിതത്തെ കൂടുതൽ ജീവസ്സുറ്റതാക്കാൻ സഹായിക്കുന്ന, മൃതിയിൽ അലിഞ്ഞുതീരാത്ത മഹാമനുഷ്യരുടെ നിരയെ റോബിൻ ശർമ തന്റെ വായനക്കാർക്കു പരിചയപ്പെടുത്തുന്നു.

വാക്കിനെ കളിവാക്കാക്കരുത് എന്ന വലിയ പാഠവും ഈ പുസ്തകം പകരുന്നുണ്ട്. നിങ്ങളുടെ വാക്കിൽ നിങ്ങൾ വിശ്വസ്തനല്ലെങ്കിൽ സ്വാഭാവികമായും നിങ്ങളുടെ വിശ്വാസ്യത നഷ്ടമാകും. നഷ്ടമായ വിശ്വാസം ബന്ധങ്ങളെ തകർക്കും. തകർന്ന ബന്ധങ്ങളെ മുമ്പുണ്ടായിരുന്ന ഊഷ്മളതയോടെ പുനർനിർമിക്കുക എളുപ്പവുമല്ല. 'അവൻ /അവൾ വാക്കു പറഞ്ഞാൽ വാക്കാണ്' എന്ന് മറ്റൊരാൾക്ക് ആത്മവിശ്വാസത്തോടെ പറയാനാകുംവിധം സുദൃഢമാകണം നിങ്ങളുടെ വ്യക്തിത്വം.

അനല്പമായ മത്സരങ്ങളുടെയും അതു സമ്മാനിക്കുന്ന കഠിനമായ മാനസികസംഘർഷങ്ങളുടെയും ലോകത്തിൽ ഒന്നും ചെയ്യാത്ത സാബത്തുദിനങ്ങളും അനിവാര്യമെന്ന് ഓർമിപ്പിക്കുന്നുണ്ട് ഗ്രന്ഥകാരൻ. ശാന്തമായൊന്നു ശ്വസിക്കാൻ, സമയം പോകുമെന്നു ഭയക്കാതെ കടൽത്തീരത്തുകൂടി നടക്കാൻ, നഴ്സറിയിൽ പഠിക്കുന്ന നിങ്ങളുടെ കുഞ്ഞിനൊപ്പം കളിക്കാൻ ഒക്കെയും സമയം കണ്ടെത്തിയേ തീരൂ.

അവനവനോടുതന്നെയും കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും സമൂഹത്തോടും പിന്നെ പുൽച്ചെടിയും പൂക്കളും പൂച്ചക്കുഞ്ഞുങ്ങളും ഒക്കെയുൾപ്പെടുന്ന പ്രപഞ്ചത്തിലെ സർവചരാചരങ്ങളോടുമുള്ള കളങ്കമില്ലാത്ത സ്നേഹമാണ് ജീവിതത്തിന്റെ സാരസത്ത. തിരക്കുകൾ എല്ലാം കഴിഞ്ഞിട്ട്, കടമകൾ എല്ലാം പൂർത്തിയാക്കിയിട്ട് സ്നേഹിക്കാമെന്നാണ് നിങ്ങൾ കരുതുന്നതെങ്കിൽ ഹാ കഷ്ടം! എന്നല്ലാതെ എന്തു പറയാൻ! അങ്ങനെ ഒരുനേരം ഒരിക്കലും ഉണ്ടാവില്ല എന്നതാണ് യാഥാർഥ്യം. കണ്ണടച്ചുതുറക്കുന്ന വേഗത്തിൽ കാലം കൺമുന്നിലൂടെ കടന്നുപോകും.

ക്ഷണികമായ ജീവിതത്തെ അലസനേരങ്ങളാൽ വീണ്ടും ക്ഷണികമാക്കരുത് എന്നും ഓർമിപ്പിക്കുന്നുണ്ട് ഈ പുസ്തകം. സമയത്തെക്കുറിച്ച് കൃത്യമായ ബോധമുണ്ടായിരിക്കുക. എന്തു ചെയ്യുമ്പോഴും അത് ആത്മാർഥമായി, കഴിവിന്റെ പരമാവധി ഉപയോഗിച്ചുതന്നെ ചെയ്യാൻ ശ്രമിക്കുക. അപ്പോൾ, വെറുതെ പൊയ്പ്പോയി ജീവിതം എന്നൊരു നിരാശ നാളെ നിങ്ങളെ ബാധിക്കില്ല. ഇപ്രകാരം സമയത്തെ, ജീവിതത്തെത്തന്നെയും അർഥപൂർണമാക്കാൻ ഏറ്റവും ആവശ്യം അച്ചടക്കവും ആത്മനിയന്ത്രണവുമാണെന്നും ഗ്രന്ഥകാരൻ പറയുന്നുണ്ട്. ഉയരങ്ങളിൽ എത്തണമെങ്കിൽ അച്ചടക്കം എന്ന ഉളികൊണ്ട് അലസതയെ വെട്ടിമാറ്റിയേ തീരൂ. അതല്പം വേദനനിറഞ്ഞ പ്രക്രിയതന്നെയാണ്. മഹാന്മാരുടെ ജീവചരിത്രം വായിക്കുന്നത്ര എളുപ്പമല്ല ലോകം വായിക്കുന്നൊരു ജീവചരിത്രത്തിലെ നായകനാവാൻ. അക്ഷീണമായ പരിശ്രമമില്ലാതെ അമൂല്യമായതൊന്നും സ്വന്തമാവില്ല. എന്നാൽ, ഈ പരിശ്രമം നിങ്ങളിലെ സ്നേഹത്തെ, സഹാനുഭൂതിയെ, മനുഷ്യബന്ധങ്ങളെ ഒന്നും ഒഴിവാക്കിക്കൊണ്ടാവാനും പാടില്ല. അവസാന കണക്കെടുപ്പിൽ ജീവിതത്തെ അളക്കുന്നത് വെട്ടിപ്പിടിച്ചവയുടെ ലിസ്റ്റ് നോക്കിയാവില്ല, എത്ര മനുഷ്യരുടെ കണ്ണുനീരാണ് അവസാനയാത്രയിൽ നിങ്ങൾക്കു കൂട്ടായി മണ്ണിലെത്തിയത് എന്നതിനെ മുൻനിർത്തിയാകും. 'ജീവിതത്തിലെ ദുരന്തം മരണമല്ല; മറിച്ച്, ജീവിക്കാതെപോകുന്ന ജീവിതമാണ്' എന്ന് നോർമൻ കസിൻസ്. ജീവിതം ജീവിക്കാതെ പോകരുത് എന്ന് ഓർമിപ്പിക്കുന്നു, പേജുകളുടെ എണ്ണംകൊണ്ടു ചെറുതെങ്കിലും ആശയങ്ങളാൽ ബൃഹത്തായ ഈ പുസ്തകം. ഹാർപ്പർ കോളിൻസാണ് പ്രസാധകർ.

■

**അവസാന കണക്കെടുപ്പിൽ ജീവിതത്തെ അളക്കുന്നത് വെട്ടിപ്പിടിച്ചവയുടെ ലിസ്റ്റു നോക്കിയാവില്ല, എത്ര മനുഷ്യരുടെ കണ്ണുനീരാണ് അവസാനയാത്രയിൽ നിങ്ങൾക്കു കൂട്ടായി മണ്ണിലെത്തിയത് എന്നതിനെ മുൻനിർത്തിയാകും. ജീവിതത്തിലെ ദുരന്തം മരണമല്ല; മറിച്ച്, ജീവിക്കാതെപോകുന്ന ജീവിതമാണ്.**

## കാത്തിരിപ്പ്

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്



അയാൾ അവനെ അനുമോദിച്ചു:

"ഞാൻ വിശ്വസിച്ചതിനെക്കാൾ ധൈര്യശാലിയാണു നീ. ഞാൻ കരുതിയതിനെക്കാൾ ബലവാനാണു നീ. ഞാൻ വിചാരിച്ചതിനെക്കാൾ സമർഥനുമാണ് നീ."

അവൻ നന്ദി പറഞ്ഞു. എങ്കിലും,

'നീ വിശ്വസിക്കുന്നതിനെക്കാൾ നീ ധൈര്യശാലിയാണ്. നീ കരുതുന്നതിനേക്കാൾ നീ ബലവാനാണ്. നീ വിചാരിക്കുന്നതിനെക്കാൾ നീ സമർഥനുമാണ്' എന്ന് സ്വന്തം മനസ്സു പറഞ്ഞാലേ അവനു തൃപ്തിയാവൂ.

അവൻ കാത്തിരിപ്പാണ്...



അഡ്വ. ചാർളി പോൾ

# വാക്കുകൾകൊണ്ടു വർണചിത്രം രചിക്കുമ്പോൾ

'വശീകരണത്തിന്റെ കല' എന്നാണ് പ്രഭാഷണകലയെ അരിസ്റ്റോട്ടിൽ വിലയിരുത്തുന്നത്. ലോകത്ത് വലിയ മാറ്റങ്ങളുണ്ടാക്കാൻ ശ്രമിച്ചവരെല്ലാം ജനങ്ങളെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിയവരാണ്. അതിനാൽ പ്രസംഗത്തെ 'പ്രേരണയുടെ കല' എന്നും വിശേഷിപ്പിക്കാം. മനുഷ്യന്റെ സാമൂഹിക ജീവിതത്തെ സംബന്ധിച്ചിടത്തോളം പ്രസംഗകല ഒരു പരിവർത്തനോപാധിയാണ്. മനുഷ്യമനസ്സുകളെ അത് അദ്വിതീയമായി സ്വാധീനിക്കുന്നു. ജീവിതത്തിന്റെ സമസ്തമേഖലയിലും വിജയമുഹൂർത്തം കുറിക്കാൻ സഹായിക്കുന്ന അദ്ഭുതസിദ്ധികളുള്ള ആയുധമാണ് പ്രസംഗം.



പ്രസംഗകലയ്ക്കു റിഹേഴ്സൽ ഇല്ലായെന്നു പറയാറുണ്ട്. കാരണം, കാണാതെ പഠിച്ച് ആവർത്തിക്കുന്നതല്ല പ്രസംഗം. അത് സ്വാഭാവികതയോടെ ഉള്ളിൽനിന്നു വരേണ്ടതാണ്. തത്ത്വചിന്തകനായ ഹൊറേയ്സ് പറയുന്നു: "വാക്കുകൾക്കുവേണ്ടിയല്ല, വസ്തുതകൾക്കും ചിന്തകൾക്കുംവേണ്ടി തിരയുക. അവ മനസ്സിൽ നിറയുമ്പോൾ വാക്കുകൾ അറിയാതെ വന്നുകൊള്ളും." നിരന്തരവായനയിലൂടെ ആശയങ്ങളെ മനസ്സിൽ സ്വരൂപിക്കുക. കൊച്ചുകൊച്ചു വാചകങ്ങളിലൂടെ അവ പ്രവഹിച്ചുകൊള്ളും. ഏതു വിഷയത്തെക്കുറിച്ചാണോ പ്രസംഗിക്കാൻ ആഗ്രഹിക്കുന്നത്, ആ വിഷയത്തിൽ ആഴത്തിൽ പഠനം നടത്തുക. അവ സ്വാംശീകരിച്ച് നമ്മുടെ ചിന്തയുമായി സമന്വയിപ്പിക്കണം. സ്വന്തം ചിന്തയിൽ പാകം ചെയ്യുന്ന ആശയങ്ങൾക്കു ശോഭ കൂടും. അവ്യക്തവും ദഹിക്കാത്തതുമായ ആശയങ്ങളെ ഒഴിവാക്കാം. പ്രസംഗവിഷയത്തിൽ അഗാധമായ അറിവും ഉറച്ച വിശ്വാസവും ആത്മാർഥതയും തുടിച്ചുനിൽക്കണം.

എന്തിനാണ് ഒരു പ്രസംഗം നമ്മൾ നടത്തുന്നതെന്ന് ആദ്യം തീരുമാനമെടുക്കണം. പ്രസംഗകലയുടെ മർമം ഉൾക്കൊള്ളും വിധം ഒരു സ്ഥൂലരൂപം മനസ്സിൽ പ്ലാൻ ചെയ്യണം. വിഷയത്തെ അടിസ്ഥാനമാക്കി എന്ത്, എന്തിന്, എങ്ങനെ, എപ്പോൾ, എത്രത്തോളം എന്നിങ്ങനെയുള്ള ചോദ്യങ്ങളുന്നയിച്ച് ഉത്തരങ്ങൾ കണ്ടെത്തണം. വിഷയത്തിന്റെ വിവിധവശങ്ങളും സ്വയംചോദിച്ച് ഉത്തരം കണ്ടെത്തിയിട്ടുവേണം പ്രസംഗത്തിനു പോകാൻ. സംബോധന, ആമുഖം, വിഷയാപഗ്രഥനം, ഉപസംഹാരം എന്നിങ്ങനെ പ്രസംഗത്തിന്റെ വിവിധഘട്ടങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്യാം. പറയാനുള്ളതിനെക്കുറിച്ചു ബോധ്യമുണ്ടാവുക, ബോധ്യംവരാതെ ഒന്നും പറയാതിരിക്കുക എന്ന ചിന്ത പ്രസംഗകനുണ്ടാകണം.

യുക്തിഭദ്രമാകണം പ്രസംഗം. പ്രസംഗകൻ വർജിക്കേണ്ട ഏറ്റവും വലിയ ദോഷമാണ് വാചാടോപം അഥവാ വാചാലത. ദീർഘമായി പ്രസംഗിക്കുന്നു എന്നതിനെക്കാൾ എന്തു പറയുന്നു എന്നതിനാണു പ്രസക്തി. കുറഞ്ഞ വാക്കുകളിൽ കൂടുതൽ കാര്യങ്ങൾ പറയണം. കാച്ചിക്കുറുക്കിയ ശൈലിയാണു നല്ലത്. എഴുത്തിലായാലും പ്രസംഗത്തിലായാലും ചെറുതാണു ചേതോഹരം. മിതവും സാരവത്തുമായ രീതിയിൽ പറയുന്നതാണു വാഗ്മിത്വം. വാക്കുകൾ ചുരുക്കിയും അർഥം സംഗ്രഹിച്ചും പറയുന്നവനാണു വാഗ്മി. പ്രസംഗം വാക്കുകളിൽ തെളിയുന്ന വർണചിത്രമാകണം. ലാളിത്യം, യുക്തിയുക്തത, ചമത്കാരം, ബോധവത്കരണം എന്നിവ പ്രസംഗത്തിന്റെ മുഖമുദ്രകളാവണം. പ്രസംഗം ആശയപരമായ ഒരു യുദ്ധമാണ്. മനസ്സിന്റെ നിറവിൽനിന്ന് അധരങ്ങൾ സംസാരിക്കണം. അറിവാണ് പ്രസംഗകന്റെ ഏറ്റവും വലിയ സമ്പാദ്യം. ആത്മാംശം കൂടിച്ചേർന്ന പ്രസംഗങ്ങൾ മാനസാന്തരാനുഭവം സൃഷ്ടിക്കും.

പ്രസംഗം ഒരു ഹൃദയസംവാദമാകണം. വാക്യങ്ങളാണ് പ്രസംഗത്തിന്റെ ശരീരം. ചിന്തയാണ് പ്രസംഗത്തിന്റെ ആത്മാവ്, അംഗചലനങ്ങളാണ് പ്രസംഗത്തിന്റെ ജീവൻ. ആശയങ്ങളുടെ ചേർച്ച, ശൈലിയുടെ യോജിപ്പ്, വികാരപ്രകടനത്തിന്റെ കൂടിച്ചേരൽ എന്നിവ സവിശേഷമാംവിധം ഉൾച്ചേരുമ്പോൾ നല്ല പ്രസംഗമുണ്ടാകുന്നു. പ്രസംഗകനു വികാരങ്ങളുണ്ടായാലേ ശ്രോതാക്കൾക്കു വിചാരങ്ങൾ ഉണ്ടാകൂ. എഴുത്തിൽ കവിഞ്ഞ ശക്തി നല്ല പ്രസംഗത്തിനുണ്ട്. പ്രതിഭകൊണ്ട് എന്നതിനെക്കാൾ നിരന്തരമായ പരിശ്രമവും പരിശീലനവും കൊണ്ട് നല്ല പ്രസംഗകരാകാം. ■

# ദുഃഖസത്യങ്ങൾ



മേഴ്സിക്കുട്ടി എബ്രാഹം

2024 ജൂലൈ 31 ന് പത്രങ്ങളിൽ വന്ന ആ വാർത്ത ആരെയും ഞെട്ടിക്കുന്നതാണ്. കൊറിയർ നൽകാനെന്ന വ്യാജേന ഒരു സ്ത്രീ മുഖം മറച്ച് വഞ്ചിയൂരിലെ ഒരു വീട്ടിലെത്തി, വീട്ടമ്മയെ വെടിവയ്ക്കുന്നു. വെടികൊണ്ട വീട്ടമ്മ ഷിനി ഭാഗ്യത്തിനു രക്ഷപ്പെട്ടു. വെടിവച്ച സ്ത്രീയാകട്ടെ, ഒരാശുപത്രിയിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടറാണ്. വളരെ നല്ല വിദ്യാഭ്യാസം ലഭിച്ച് ജനങ്ങളുമായി അടുത്തിടപെടുന്ന സ്ത്രീ. എന്താണ് ഡോക്ടർക്ക് ഇങ്ങനെയൊരു ഹീനകൃത്യം ചെയ്യാൻ കാരണമായത്?

ഡോക്ടർ വിവാഹിതയാണ്, ഭർത്താവും ഡോക്ടർതന്നെ. മറ്റൊരു പുരുഷനുമായി ഡോക്ടർക്ക് വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. ആ പുരുഷൻ ഷിനിയെ വിവാഹം കഴിച്ച് വഞ്ചിയൂരിലെ വീട്ടിൽ താമസിക്കുകയാണ്. കുറച്ചുകാലംകൊണ്ട് ഷിനിക്കു മനസ്സിലായി തന്റെ ഭർത്താവിന് മറ്റൊരു സ്ത്രീയുമായി ബന്ധമുണ്ടെന്നും ഫോൺവിളിയും ഒത്തുകൂടലുമൊക്കെ നടക്കുന്നുണ്ടെന്നും.

ഇന്ന് പല പുരുഷന്മാരും സ്ത്രീകളും ഇങ്ങനെയുള്ള അവിഹിതബന്ധങ്ങളിൽ വീണുപോകാറുണ്ട്. ജോലി ചെയ്യുന്ന സ്ഥലത്തുനിന്നോ അല്ലെങ്കിൽ മൊബൈൽ ഫോൺവഴിയോ സ്ത്രീയും പുരുഷനും സ്നേഹബന്ധത്തിലാകുന്നു. ചിലപ്പോൾ വിവാഹം കഴിച്ചവരായിരിക്കും രണ്ടുപേരും. മക്കളും കൊച്ചുമക്കളും ഉള്ളവരായിരിക്കാം.

വിവാഹിതയായ ഒരു സ്ത്രീ മറ്റൊരു പുരുഷനുമായി ബന്ധത്തിലായാൽ അവൾക്ക് സ്വന്തം ഭർത്താവിന്റെയോ കുഞ്ഞുങ്ങളുടെയോ കാര്യത്തിൽ ശ്രദ്ധയില്ലെന്നാകും. ആദ്യകാലത്തൊക്കെ ഭർത്താവിനു മനസ്സിലാവുകയില്ലായിരിക്കാം. പിന്നീടു വഴക്കായി, സ്വന്തം ഭാര്യയാകട്ടെ, ഇതെല്ലാം മനസ്സിലൊതുക്കി ജീവിക്കും. ഭർത്താവിനോട് എവിടെ പോകുന്നുവെന്ന് ചോദിക്കാൻപോലും അവൾക്ക് അവകാശമില്ല. പിന്നെ വഴക്കായി. പിണക്കമായി. മക്കളും കൊച്ചുമക്കളുമൊക്കെയായ മനുഷ്യൻ വളരെക്കാലമായി കൊണ്ടുനടക്കുന്ന ദുശ്ശീലമാണ്.



ദേഹോപദ്രവമായി, കേസായി, ആകെ കുഴപ്പമായി. ചില ഭർത്താക്കന്മാർ ക്ഷമയോടെ ജീവിക്കും. കാരണം, കുടുംബത്തിന് പേരുദോഷം വരരുതല്ലോ? മക്കളെയൊക്കെ ജീവിതാന്തസ്സിൽ പ്രവേശിപ്പിക്കാനും ഇങ്ങനെയൊക്കെ ചിന്തിക്കും. മറ്റു ചില ഭർത്താക്കന്മാർ, ഭാര്യയെയും മക്കളെയും മറന്ന്, ഒന്നിച്ചു ജോലി ചെയ്യുന്ന സ്ത്രീയുടെ കൂടെ പോകാറുണ്ട്. സ്വന്തം വീട്ടിൽ മക്കൾക്കും ഭാര്യയ്ക്കും പണം കൊടുത്തില്ലെങ്കിലും സ്നേഹിതയ്ക്ക് വസ്തുവകകൾ പണയംവച്ച് കൃത്യമായി പണവും മറ്റും എത്തിക്കാറുണ്ട്.

ബൈബിളിൽ ഒരു വാചകമുണ്ട്: "ദുഷ്പ്രേരണങ്ങൾ ഉണ്ടാകാതിരിക്കുക അസാധ്യം. എന്നാൽ, ആരുമൂലം അവ ഉണ്ടാകുന്നുവോ അവനു ദുരിതം! (ലൂക്കാ 17:1)" ജീവിതവിശുദ്ധിയിൽ വിശ്വസിക്കുന്ന ഭാര്യയ്ക്ക്, ഭർത്താവിന്റെ ദുഷിച്ച ജീവിതം ഇഷ്ടപ്പെടുകയില്ല. അവൾ മനസ്സുനിറഞ്ഞ ദുഃഖത്തോടെ ഈശ്വരനോടു പ്രാർഥിക്കും. ഈശ്വരൻ പ്രാർഥന കേൾക്കാതെപോകുകയില്ലെന്നു വിശ്വസിക്കും. ആയതിനാൽ, നമുക്ക് മറ്റുള്ളവർക്കു ദുഷ്പ്രേരണ നൽകാതെ ജീവിക്കാനുള്ള അനുഗ്രഹത്തിനായി പ്രാർഥിക്കാം. ■

# കിഴക്കൻകാറ്റ്

*11-ാം പേജ് തുടർച്ച*

"എത്രയായാലും ഞാൻ തന്നോളാം. ഏറ്റവും നല്ല ആശുപത്രീൽത്തന്നെ നമുക്കീ സർജറി നടത്തണം. ജീവിതകാലം മുഴുവൻ ഇങ്ങനെ ചട്ടിച്ചട്ടി നടന്നാ പോരല്ലോ."

"വർഷയുടെ സമ്മതത്തോടെയാണോ ഇപ്പം വിളിച്ചേ?"

"ഇതിനെന്തിനാ വർഷയുടെ സമ്മതം? ഞാനുണ്ടാക്കിയ കാശല്ലേ? മാസം അറുപതിനായിരം രൂപ എനിക്കു ശമ്പളമുണ്ട്. അത് എങ്ങനെ ചെലവഴിക്കണമെന്ന് ഞാനല്ലേ തീരുമാനിക്കുന്നത്."

"ഞാൻ അമ്മേടെ കൈയിൽ ഫോൺ കൊടുക്കാം."

എൽസ സിസിലിക്കു ഫോൺ കൈമാറി.

ജയേഷ് സിസിലിയോടു കാര്യം പറഞ്ഞു. കേട്ടപ്പോൾ സന്തോഷംകൊണ്ട് സിസിലിയുടെ കണ്ണുനിറഞ്ഞു.

"എന്റെ മോനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കും. ഞാനെന്നും പ്രാർഥിക്കുന്നുണ്ടായിരുന്നു. എന്റെ മോളുടെ ചട്ടൊന്നു മാറ്റാൻ വഴികാട്ടിത്തരണേ ദൈവമേന്ന്. ഇന്ന് എന്റെ പ്രാർഥന ദൈവം കേട്ടല്ലോ. സന്തോഷമായി."

സിസിലി ജയേഷിന് ഒരുപാട് നന്ദി പറഞ്ഞു. വിശേഷങ്ങൾ പങ്കുവച്ചിട്ട് ഫോൺ കട്ടു ചെയ്തു ജയേഷ്.

രാത്രി ഒൻപതരയായപ്പോഴാണ് വർഷ ഓഫീസിൽനിന്നു വന്നത്. ടൂവീലർ പോർച്ചിൽ വച്ചിട്ട് അവൾ സ്വീകരണമുറിയിലേക്കു കയറി. പടികൾ കയറി റൂമിലേക്കു വന്നു. നടന്നുവരുന്നതു കണ്ടപ്പോൾത്തന്നെ ജയേഷിനു പന്തികേടു തോന്നി. അവൾ വേച്ചുപോകുന്നല്ലോ! മുഖം വല്ലാണ്ടിരിക്കുന്നുവല്ലോ! കണ്ണുകൾ ചുവന്നിട്ടുണ്ടോ?

"വേഷം മാറീട്ട് വേഗം വാ. നമുക്കു പോയി ഭക്ഷണം കഴിക്കാം. അമ്മ കാത്തിരിക്കുവാ." തെല്ലു നീരസത്തോടെ ജയേഷ് പറഞ്ഞു. "ഞാൻ കഴിച്ചു ജയേഷ്. ജയേഷ് പോയി കഴിച്ചോ." അവളുടെ സംസാരത്തിന് ഒരു കുഴച്ചിൽ.

"കഴിച്ചോ?"

"ഉം. എന്റെകൂടെ ചെന്നൈയിൽ ഉണ്ടായിരുന്ന ദീപക്കില്ലേ? ഇന്നാളിവിടെ വന്ന ദീപക്? അവൻ എറണാകുളത്തേക്കു ട്രാൻസ്ഫറായി. ഇന്ന് അവന്റെ വക ഒരു പാർട്ടിയുണ്ടായിരുന്നു. ട്രാൻസ്ഫർ കിട്ടിയതിന്റെ സന്തോഷം. അതാ വൈകിയത്."

"ഞാൻ വിളിച്ചപ്പം ഡ്യൂട്ടി കഴിഞ്ഞില്ലെന്നല്ലേ പറഞ്ഞത്."

"അപ്പം കഴിഞ്ഞില്ലായിരുന്നു. പിന്നെയായിരുന്നു പാർട്ടി. പെട്ടെന്നു കഴിച്ചിട്ട് ഞാൻ പോന്നു. അവരൊന്നും പിരിഞ്ഞിട്ടില്ല."

"പാർട്ടിക്ക് ലിക്വർ ഉണ്ടായിരുന്നോ?"

"ചെറുതായിട്ട്. ഒരു പെഗ്ഗേ ഞാൻ കഴിച്ചുള്ളൂ. അതും അവൻ നിർബന്ധിച്ചതുകൊണ്ടു മാത്രം."

"വെള്ളമടിച്ചോണ്ടാണോ വണ്ടി ഓടിച്ചത്? പൊലീസ് പിടിച്ചിരുന്നെങ്കിൽ..."

"ഓ... പെണ്ണുങ്ങളെയൊന്നും പൊലീസ് ചെക്ക് ചെയ്യാറില്ലെന്നേ...! ങ്ഹ...ഞാൻ ഡ്രസ് മാറി കുളിച്ചിട്ടു വരാം. ജയേഷ് പോയി ഫുഡ് കഴിച്ചിട്ടു വാ. അമ്മ അവിടെ നോക്കിയിരിപ്പുണ്ട്." അതു പറഞ്ഞിട്ട് അവൾ വേഷം മാറാൻ പോയി. ജയേഷ് ഭക്ഷണം കഴിക്കാൻ താഴേക്കും പോയി.

ഭക്ഷണം കഴിഞ്ഞു തിരിച്ചു വന്നപ്പോൾ കണ്ടത് കട്ടിലിൽ നീണ്ടു നിവർന്നു കിടന്ന് ആർക്കോ ഫോൺ ചെയ്യുന്ന വർഷയെയാണ്. ചിരിയും തമാശകളും. ജയേഷിനെ കണ്ടിട്ടും കൂസലുണ്ടായില്ല അവൾക്ക്. പത്തുമിനിറ്റ് കഴിഞ്ഞു ഫോൺ കട്ട് ചെയ്തിട്ട് വർഷ എണീറ്റു ജയേഷിനെ നോക്കിപ്പറഞ്ഞു.

"ദീപക്കായിരുന്നു. ഞാനിവിടെ എത്തിയോന്നറിയാൻ വിളിച്ചതാ. അവനു ഭയങ്കര പേടി."

"ലൈറ്റ് ഓഫ് ചെയ്തിട്ട് കിടക്കാൻ നോക്ക്. മണി പത്തരയാകുന്നു." ജയേഷ് പറഞ്ഞുതീർന്നതും ഫോൺ വീണ്ടും ശബ്ദിച്ചു. വർഷ നോക്കിയിട്ട് പറഞ്ഞു:

"അവൻതന്നെയാ. ദീപക്. നല്ല ഫിറ്റാ..."

ജയേഷിനു രോഷം നുരഞ്ഞുപൊന്തി. പാഞ്ഞുചെന്ന് വർഷയുടെ കൈയിൽനിന്ന് ഫോൺ പിടിച്ചുവാങ്ങി കോൾ കട്ട് ചെയ്തിട്ട് മേശപ്പുറത്തേക്ക് ഒരേറു കൊടുത്തു. വർഷയുടെ കണ്ണുകൾ രോഷംകൊണ്ട് തീപ്പന്തമായി. (തുടരും)

Deepanalam Weekly
RNI No : 16998/68
Vol. 57 No. 24 Date of Publication 15 August 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ്
ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD




SH SCHOOL OF MEDICAL SCIENCE

എളുപ്പം ജോലി ലഭിക്കാൻ
പാരാമെഡിക്കൽ കോഴ്സുകൾ
കോട്ടയത്തും പാലായിലും





UGC Approved University Diploma & Degree Courses

LAB, X-Ray, CT, MRI, ANM, Radiology

DMLT, BVoc MLT, BSc RIT, BSc MLT, DRIT, BVoc RIT

HOSPITAL ADMINISTRATION (MG University)

GDA - General Duty Assistant (Care Giver Course)
(കേരള സർക്കാർ ASAP) (MG University)

ഹോസ്റ്റൽ സൗകര്യം, ബസ് കൺസഷൻ,
യൂണിഫോം, കുറഞ്ഞ ഫീസ് & Excellent Coaching

അഡ്മിഷൻ തുടരുന്നു




പ്രമുഖ ഹോസ്പിറ്റലുകളിലും മെഡിക്കൽ കോളേജുകളിലും സ്കാനിംഗ് സെന്ററുകളിലും ലാബുകളിലും പരിശീലനം

S.H. സ്കൂൾ ഓഫ് മെഡിക്കൽ സയൻസ്
നാഗമ്പടം ബസ് സ്റ്റാന്റിനു സമീപം, കോട്ടയം &
വിജി മെഡിക്കൽ സെന്റർ ഹോസ്പിറ്റൽ പെരുവ

PH: 99462 999 68
99462 999 86
99462 999 64

S.H. പാരാ മെഡിക്കൽ കോളജ്
(സെന്റ് മേരീസ് കോളജ് ബിൽഡിംഗ്) &
S.H. Charity Lab
Main Road പാലാ

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org